CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# പുണ്യചരിതനായ പാലയ്ക്കൽ തോമാ മല്പാൻ



JANATHA SERVICES
ERNAKULAM

ചാവറയച്ചൻ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# പുണ്യചരിതനായ
# പാലയ്ക്കൽ
# തോമ്മാ മല്പാൻ

ചാവറയച്ചൻ

JANATHA SERVICES
ERNAKULAM

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

PUNYACHARITHANAYA
PALACKAL THOMA MALPAN
(Malayalam)

By :
BLESSED CHAVARAYACHAN

Published by :
Janatha Services, Thevara, Kochi-13

Distributed by :
Janatha Book Stall, Thevara, Kochi-13

Brs : Ernakulam, Aluva, Cherthala, Vaikom,
Kalady, Angamaly, Muvattupuzha,
N. Parur, Kothamangalam.

Copy right : Janatha Services, Kochi-13

Printed at : L F.I. Press, Thevara, Kochi-13

Cover Design : C. N. Raju

Price : Five only

JS 300312 SN 00413 919219 3000

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# ആമുഖം

സി. എം. ഐ. സഭയുടെ സ്ഥാപകരിൽ ഒന്നാമനായ ബ്. പാലയ്ക്കൽ തോമ്മാ മല്പാനച്ചന്റെ ജീവചരിത്രം മാന്നാനം കൊവേന്ത റിക്കാട്ടിൽ നിന്നെടുത്തു ഈ ചെറിയ പുസ്തകത്തിൽ ചേർത്തിരിക്കുന്നു. പെ. ബ. പാലയ്ക്കൽ തോമ്മാ മല്പാനച്ചന്റെ ജീവചരിത്രം അവിടത്തെ ശിഷ്യനായ വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ സ്വന്തം കൈപ്പടകളിൽ എഴുതിയിട്ടുള്ളതാണു്. ഈ ചരിത്രം സി. എം. ഐ. സഭയുടെ സ്വർണ്ണജൂബിലി ആഘോഷിക്കപ്പെട്ട അവസരത്തിൽ മൂലപ്രതികളിൽ നിന്നു പകർത്തി, സ്ഥാപക പിതാക്കന്മാരായ പോരൂക്കര തോമ്മാമല്പാനച്ചന്റെയും വാഴ്ത്തപ്പെട്ട ചാവറ കുരിയാക്കോസ് ഏലിയാസച്ചന്റെയും ജീവചരിത്രവും ചേർത്തു് പ്രസിദ്ധീകരിച്ചിട്ടുണ്ടു്. ആ പുസ്തകത്തിന്റെ മുഖവുരയിൽ മാന്നാനം കൊവേന്തയുടെ പ്രിയോർ പെ. ബ. അലക്സാന്തരച്ചൻ 1905 വൃശ്ചികം 14നു് എഴുതിയതു് പാലയ്ക്കൽ മല്പാനച്ചന്റെ 150-ാം ചരമവാർഷികം ആഘോഷിക്കുന്ന ഈ അവസരത്തിൽ ശ്രദ്ധേയമാണു്. ''ദൈവത്തിന്റെ പ്രത്യേക കൃപയാൽ മലയാളത്തിൽ ഈ സഭ സ്ഥാപിക്കപ്പെട്ടുഎന്നു് ഈ ജീവചരിത്രത്തിൽനിന്നു സ്പഷ്ടമായി കാണാവുന്നതാണു്. ഈ ജൂബിലി അവസരത്തിൽ ദൈവത്തിന്നു് പ്രത്യേകമായി ഉപകാരസ്മരണ ചെയ്യുന്നതിന്നു് ഈ ചരിത്രം നമ്മെ ഉത്സാഹിപ്പിക്കും. മലയാള ഭാഷ ദിവസേന പരിഷ്കരിക്കപ്പെട്ടു വരുന്ന ഈ കാലത്തു് നമ്മുടെ പിതാക്കന്മാർ പഴയ കാലങ്ങളിൽ എഴുതി ഇട്ടിരിക്കുന്ന ഈ ചരിത്രങ്ങൾ ഭാഷയിൽ പല ന്യൂനതയുള്ളവയായി വല്ലവർക്കും തോന്നിയേക്കാം. എന്നാൽ പൂർവത്തിന്മേലുള്ള വണക്കം നിമിത്തവും, വിശ്രുത ദൈവശുശ്രൂഷികളായ ടി. പിതാക്കന്മാരുടെ വ്യക്തമായ പരമാർത്ഥ വാക്യങ്ങളിൽ ഒരുവിധ ആത്മീയ മഹത്വം പ്രകാശിപ്പിക്കയാലും, അവയിൽ ഞങ്ങൾ യാതൊരു ഭേദഗതിയും ചെയ്യാതെ പ്രസിദ്ധപ്പെടുത്തുക അത്രെ ചെയ്തിട്ടുള്ളതു്. ഈ ചുരുങ്ങിയ ചരിത്രം പുണ്യജീവിതത്തിന്നു നമ്മെ ഉത്സാഹിപ്പിക്കുന്നതു കൂടാതെ, മലയാളത്തിലെ പള്ളിച്ചരിത്ര വിഷയത്തിൽ നമുക്കു് ഒരു ദീപമായി ശോഭിക്കയും ചെയ്യും എന്നു് വിശ്വസിക്കുന്നു.''

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



അതുതന്നെയാണ് ഈ പുസ്തകം അതേ രൂപത്തിലും ഭാവത്തിലും പ്രസിദ്ധീകരിക്കാൻ പ്രേരിപ്പിച്ചത്. കൂടാതെ പ്രകാശം പബ്ലിക്കേഷൻ പ്രസിദ്ധീകരിച്ച വറുഗീസ് കാഞ്ഞിരത്തുങ്കലിന്റെ പാലയ്ക്കൽ തോമ്മാമല്പാൻ (സ്ഥാപകയോഗി) എന്ന പുസ്തകത്തിലെ പള്ളിപ്പുറം പള്ളിയെ പററിയുള്ള ഒരു അദ്ധ്യായവും, ഫാ. റോമയോ പട്ടശ്ശേരി എഴുതിയ പുണ്യചരിതനായ പാലയ്ക്കൽ മല്പാൻ എന്ന പുസ്തകത്തിന്റെ, വിശുദ്ധനെ വാർത്തെടുത്ത കൈകരം, സ്ഥാപകരിൽ പ്രമുഖൻ, പാലയ്ക്കലച്ചൻ ദൈവോപാസകൻ, സമുദായാചാര്യൻ എന്നീ അദ്ധ്യായങ്ങളും കൂടി ചേർത്തിട്ടുണ്ട്.

വന്ദ്യനായ പാലയ്ക്കൽ മല്പാനച്ചനെക്കുറിച്ച് അറിയുവാനും ഇനിയും കൂടുതൽ പഠിക്കുവാനും ഇത് ഉപകരിക്കുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ.

സെക്രട്ടറി,

ജനതാ സർവീസസ്

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

മലയാളത്തിൽ ക. നി. മൂ. സഭയുടെ
അടിസ്ഥാനക്കാരിൽ ഒന്നാമനായ പള്ളിപ്പുറത്തു
പള്ളി ഇടവകക്കാരൻ
പാലയ്ക്കൽ പെ. ബ. തോമ്മാ മല്പാനച്ചൻെറ

## ചരിത്രം

(പെ. ബ. ചാവറ പ്രിയോരച്ചനാൽ എഴുതപ്പെട്ടതു)

പെ. ബ. തോമ്മാച്ചൻെറ ജന്മഭവനം തെക്കൻപള്ളിപ്പുറം എന്ന ദിക്കിൽ, പള്ളിയുടെ കിഴക്കോട്ടുള്ള അങ്ങാടിയിൽ വടക്കെ ഭാഗത്തിൽ പാലയ്ക്കൽ എന്ന തറവാട്ട് ആകുന്നു. ഈ ദേഹത്തിൻെറ മുത്തപ്പൻ ഗീവർഗീസു പട്ടക്കാരനും ഇളയപ്പൻ മാത്തുകത്തനാരും ഇങ്ങനെ രണ്ടു പേരുണ്ടായിരുന്നു. ഇവരിൽ മാത്തു കത്തനാരച്ചൻെറ ജ്യേഷ്ഠൻ ആണ് ഇദ്ദേഹത്തിൻെറ പിതാവ്. അമ്മ കല്ലൂർക്കാട്ട പള്ളി ഇടവകയിൽ പുത്തൻപുരയ്ക്കൽ എന്നു പേരുള്ള പള്ളിയുടെ തെക്കെ അങ്ങാടിയിൽ ഉള്ള വീട്ടിൽ ജനിച്ചവളാണ്. ഈദേഹത്തിൻെറ കാരണവർ ഒരു പ്രകാരം ദ്രവ്യവും മാനവുമുള്ളവരത്രെ. ആ ഇടവകയിൽ, ഈദേഹത്തിൻെറ ചെറുപ്പത്തിൽ മലയാം കണക്കിൽ 965-ാം മാണ്ടിൽ വസൂരിയും പഞ്ഞവും അധികമായി ഉണ്ടായി. ഇതിനാൽ കാരണവന്മാരിൻ പ്രാപ്തി ഉള്ളവർ മരിക്കയാലും മററു ചില ആപത്തുകളാലും ഈ ദ്രവ്യങ്ങൾക്കു അധിക നഷ്ടം വന്നതിനാൽ വലിയ ഞെരുക്കമായിരുന്നു. ഈ വസന്തയിൽ അപ്പൻ മരിച്ചുപോയി. ഈദേഹത്തിൻെറ ജ്യേഷ്ഠൻ സാമർത്ഥ്യമില്ലാത്ത ഒരുത്തനും ചെറുപ്പക്കാരനും ആയിരുന്നു. ഈദേഹത്തിൻെറ അമ്മ തൻെറ രണ്ടു പെൺമക്കളെയും രണ്ട് ആൺമക്കളെയും വലിയ ബുദ്ധിമുട്ടോടുകൂടി വളർത്തിക്കൊണ്ടുവന്നു. എന്നാൽ അമ്മ അക്കാലങ്ങളിൽ ഉള്ള ഭക്തിക്കാരത്തികളിൽ അധിക ഭക്തിയുള്ളവളായിരുന്നു. ആയതിനാൽ അവളുടെ അനുജത്തിയുടെ സഹായത്താലും വലിയ ബുദ്ധിമുട്ടോടുകൂടിയും ജീവിച്ചുവന്നു.

അക്കാലത്തിൽ മേല്പറഞ്ഞപോലെ പഞ്ഞവും വസന്തയും ഉണ്ടാകയാലും വടക്കെ ദിക്കുകളിൽ ടിപ്പുസുൽത്താൻ എന്ന

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



മഹമ്മദ രാജാവിൻെറ പട വന്നു് പള്ളികളും പട്ടണങ്ങളും നശിപ്പിക്കയാലും കാണുന്നവരെ പിടിച്ചു് അവൻെറ വേദത്തിൽ ഉൾപ്പെടുത്തുവാൻ ബലം ചെയ്കയാലും ഏറിയ ജനങ്ങൾ ആ ദിക്കുകളിൽ നിന്നു് ഓടിവരികയും അതോടുകൂടി കുത്യതോട്ടിൽ, തച്ചിൽ മാത്തുതരകൻ എന്ന ആളും അയാളുടെ അനുജൻ അവ്രാഹം മല്പാനച്ചനും ആ ദേഹത്തോടുകൂടി പഠിച്ചിരുന്ന ശമ്മാശ്ശന്മാരും വന്നു പള്ളിപ്പുറത്തു പാർക്കുകയും അവിടെ മല്പാനച്ചൻ അവരെ പഠിപ്പിക്കയും ചെയ്തിരുന്നു.

അപ്പോൾ ഈയാളിൻെറ ആഗ്രഹത്താലും അപേക്ഷയാലും പഠിപ്പാൻ തുടങ്ങുകയും അക്കാലത്തിൻെറ മുറപ്രകാരം വീട്ടിൽ അമ്മ കൊടുക്കുന്ന യാവനയും അനുഭവിച്ചുകൊണ്ടുശേഷം പേരോടുകൂടി പോയി പഠിക്കയും ചെയ്തു. ഇങ്ങനെ ദൈവസഹായത്താൽ പഠിത്വവും കഴിച്ചു പട്ടമേൽക്കുകയും ചെയ്തു.

അനന്തരം 1808-ാം കാലം പള്ളിപ്പുറത്തു ഇടവകക്കാരനായ മംഗലത്തു ചാണ്ടി എന്ന ഒരു വാലിഭക്കാരനെ പഠിപ്പിക്കണമെന്നു് അയാളുടെ വല്യപ്പൻ ടി. പള്ളിയുടെ വികാരിയച്ചൻ പറകയാലും ആദേഹം ചാർച്ചക്കാരനാകയാലും ഈ ഇടയിൽ തന്നെ കുറെ ഉപദ്രവിച്ചു സങ്കടപ്പെടുത്തിയതുകൊണ്ടു് "ഉപദ്രവിച്ചവനു ഉപകാരം ചെയ്യണം, ദ്വേഷിച്ചവനെ സ്നേഹിക്കണം" എന്നു ദിവ്യരക്ഷിതാവു അരുളിച്ചെയ്തിരിക്കയാലും ആ വേല ചെയ്യുന്നതിനു സമ്മതിച്ചു് ഈയാളിനെ സുറിയാനി പഠിപ്പിക്കാൻ തുടങ്ങി.

അക്കാലത്തിൽ വടയാററു പള്ളിയിൽ പാറേന്മാക്കൽ മാത്തൻ മല്പാൻ പഠിപ്പിച്ചു വന്നിരുന്നു. ആ ദേഹത്തോടുകൂടെ വൈക്കത്തു പള്ളി ഇടവകക്കാരൻ പഴെകടവിൽ യൗസേപ്പും, കടുത്തുരുത്തി പള്ളി ഇടവകക്കാരൻ മുട്ടത്തിൽ കുര്യനും, എരണയ്ക്കൽ കുരുവിളയും, മുട്ടുചിറപ്പള്ളി ഇടവകക്കാരൻ പറമ്പിൽ പൌലോസും ഇങ്ങനെ നാലു വാലിഭക്കാരും പഠിച്ചിരുന്നു. ആ സമയം തലയോലപ്പറമ്പിൽ കരിശു പള്ളി വയ്ക്കുന്നതിനു മലപ്പുറത്തു ഇട്ടൻ കത്തനാരച്ചൻ തുടങ്ങി. അപ്പോൾ വടയാററു മല്പാനച്ചൻ ആ സ്ഥലം ആ ദേഹത്തിൻെറ ഇടവകയ്ക്കു ചേരേണ്ടതാണെന്നും ആ ദേഹത്തിനു പള്ളി വയ്പ്പിക്കണമെന്നും വാദിച്ചു, സർക്കാരിൽ അന്യായപ്പെട്ടു. ഈ വഴക്കു മുഖാന്തിരത്താൽ ഇട്ടൻ കത്തനാരച്ചൻ പെ. ബ. പ്രോസ്പരു മൂപ്പൻ പാദ്രി

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

അച്ചനെ ബോധിപ്പിച്ചു, നമ്മുടെരൂപതയിൽ ഉള്ളവരും നമ്മുടെ രൂപതയിൽ പഠിച്ചല്ലാതെ പട്ടം കൊടുക്കയില്ലെന്നും ആയതു കൊണ്ടു് ഈ നാലു വാലിഭക്കാരു് വടയാററു നിന്നും മാറി പള്ളിപ്പുറത്തു പാലയ്ക്കൽ തോമ്മാ കത്തനാരോടുകൂടെ പോയി പാൎത്തു പഠിച്ചുകൊള്ളണമെന്നും, അവരെ പഠിപ്പിച്ചുകൊള്ളണമെന്നും ഒരു കല്പന വാങ്ങിച്ചു മേല്പറഞ്ഞ ഇട്ടൻ കത്തനാരച്ചൻ ഈ നാലുപേരെയും കൊണ്ടുവന്നു പള്ളിപ്പുറത്തു ആക്കുകയും ചെയ്തു.

മേല്പടി ആണ്ടിൽത്തന്നെ എന്റെ പതിനൊന്നു വയസ്സിൽ പഠിക്കണമെന്നു മനസ്സു എനിക്കുണ്ടായതിനാലും കാരണവന്മാരായ അപ്പനും അമ്മയ്ക്കും ആദ്യം മനസ്സില്ലാഞ്ഞു എങ്കിലും അമ്മാച്ചനായ തോപ്പിൽ ഗീവർഗീസു കത്തനാരച്ചന്റെ അപ്പനും എന്റെ ഇളയപ്പനും മനസ്സാകയാലും ഒടുവിൽ കാരണവന്മാരും സമ്മതിക്കയും മുൻപറഞ്ഞിരിക്കുന്ന ഈ ദേഹത്തിന്റെ ഇളയമ്മാവനായ മകന്റെ വചനത്താലും എന്നെ ചേർക്കുകയും ചെയ്തു. അതിന്റെ ശേഷം വരാപ്പുഴ സെമിനാരിയിൽ അന്നു മല്പാനായി പഠിപ്പിച്ചിരുന്ന ഞാറയ്ക്കൽ പള്ളി ഇടവകക്കാരൻ മാളിയേയ്ക്കൽ ചെറിയാൻ മാത്തു കത്തനാരച്ചനോടുകൂടെ പഠിച്ചിരുന്ന കോയിൽമുക്കു പള്ളി ഇടവകക്കാരൻ ഉരാമ്മേൽ ചാണ്ടപ്പിള്ള ശമ്മാശ്ശനുംകൂടി. പിന്നീടു കുറവിലങ്ങാടു പള്ളി ഇടവകക്കാരൻ നാൽപത്തു വയസ്സു പ്രായം ചെന്ന പീലിപ്പോസു എന്നൊരാൾ താപസിയായി കടുത്തുരുത്തി പള്ളിയിൽ പാൎത്തു പുണ്യഭാഷിയായി നടന്നുവന്നു. ഇയാൾക്കു പട്ടമേൽക്കണമെന്നുണ്ടായിരുന്നാൽ ഞാൻ ചെലവിനു കൊടുത്തുകൊള്ളാമെന്നു ആ ഇടവകക്കാരൻ നിലപ്പന കുഞ്ഞുവറീതു മാപ്പിള പറഞ്ഞയയ്ക്കയും ഇപ്രകാരം ഇരുവരുംകൂടി പള്ളിപ്പുറത്തുവന്നു് ഈ ദേഹത്തിനോടു അപേക്ഷിക്കയും ചെയ്തു. കിഴവനാകയാൽ ഈ പഠിക്കുന്നവൎക്കു സൽഗ്ഗുണദോഷം പറവാനും, കാട്ടുവാനും നന്നാകുന്നു എന്നു നിരൂപിച്ചു് അപ്രകാരം അയാളെയുംകൂട്ടി. ഈ വണ്ണം മററു ഇടവകകളിൽ നിന്നും സെമിനാരികളിൽ നിന്നും ഓരോരുത്തർ വന്നു കൂടുകയും ചെയ്തു. ഇങ്ങനെ ഇരിക്കയിൽ വരാപ്പുഴ വികാരി അപ്പസ്തോലിക്കാ ആയിരുന്ന എത്രയും പെരിയ ബഹുമാനപ്പെട്ട റയിമുന്തു് സൂരിയ എന്ന മെത്രാനച്ചൻ കാലംചെയ്തതിനാൽ ബൊംബേ, മുഗൾ, മുകിൽ എന്ന ദിക്കുകൾക്കു വികാരി അപ്പസ്തോലിക്കായും ക്ഷവസുഖത്തിലും പുണ്യത്തിലും കീൎത്തിയിലും വിളിക്കപ്പെട്ടവനുമായ എത്രയും പെരിയ ബഹുമാനപ്പെട്ട

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



പത്രോസ് ദെൽക്കാന്തര എന്ന മെത്രാനച്ചൻ ഇവിടംത്ത അടിയന്തിരം പോക്കുവാനായിട്ടു വരാപ്പുഴെ വന്നിരിക്കയിൽ ആ ദേഹത്തോട് അപേക്ഷിച്ചു മെലെഴുതിയ നാലു വാലിഭക്കാർക്കും പീലിപ്പോസിനും പട്ടം കൊടുത്തു. അതുവരെയും ഉണ്ടായിരുന്ന സുറിയാനിക്കാരുടെ ക്രമത്തിനു തക്കതിൻവണ്ണം, അതായതു അവർക്കു പട്ടം കൊടുക്കുമ്പോൾ ഒന്നുകിൽ ആസ്സപ്പാടും നാലു പട്ടവുംകൂടി ഒരുമിച്ചു ഒരു ദിവസത്തിൽ, അല്ലെങ്കിൽ ഒരിക്കൽ ആസ്സപ്പാടും പിന്നെ നാലു പട്ടവും ഇങ്ങനെ കൊടുക്കുന്നതല്ലാതെ ചെറിയ പട്ടങ്ങൾ 1,2,3,4 ഇങ്ങനെ വേർതിരിച്ചു കൊടുക്കുമാറില്ല. ഇങ്ങനെ ശമ്മാശ്ശന്മാരായതിന്റെ ശേഷം മററുള്ള സെമിനാരികളിൽ ശമ്മാശ്ശന്മാർക്കു പുത്തൻകുർബ്ബാന ചൊല്ലുംവരെയും തനിച്ചു ളോവ ഉണ്ടാക്കുക ചട്ടമില്ലായിരുന്നു. എന്നാൽ പെരുന്നാൾ അടിയന്തിരം, ചാവു, പുല മുതലായ സംഗതികൾക്കു ദൽമത്തി, കാപ്പ മുതലായതു ഉടുക്കേണ്ടി വരുമ്പോൾ ആ പള്ളിയിലുള്ള മററു പട്ടക്കാർക്കു കുർബ്ബാന ചൊല്ലുവാനുള്ള അടിയന്തിരത്തിനുമാത്രം ഉണ്ടാക്കിയിരിക്കുന്ന ളോവകളെ വാങ്ങിച്ചു ഉടുത്തും കൊണ്ടു മേലെഴുതിയ ചിററാഴ്മകൾ നടത്തി വന്നിരുന്നു. എന്നാൽ ഈ ദേഹം വരാപ്പുഴെ സെമിനാരിയിൽ മേല്പറഞ്ഞ ചെറിയാൻ മാത്തു മല്പാനച്ചനെ പറഞ്ഞു സമ്മതിപ്പിച്ചതിനാൽ ആ ദേഹവും പഠിക്കുന്ന ശമ്മാശ്ശന്മാരും വെളുത്ത നിറത്തിലുള്ള ളോവ ഉണ്ടാക്കിച്ചു ധരിച്ചു വന്നിരുന്നു. ഈ സംഗതി ഈ ദേഹത്തിന്റെ നാവാലെതന്നെ പറഞ്ഞു ഞാൻ കേട്ടതാണ്. എങ്ങിനെയെന്നാൽ, വരാപ്പുഴ സെമിനാരിയിൽ ലത്തീൻകാർ കറുത്ത നിറത്തിലുള്ള ളോവ ഉടുത്തുകൊണ്ടും, സുറിയാനിക്കാർ അവരുടെ പൂർവ്വന്മാരെപ്പോലെ അധികം വീതിയായിട്ടുള്ള കാൽക്കുപ്പായവും, മുട്ടുകഴിഞ്ഞു ഏകദേശം എട്ടുവിരൽ നീളവും, കൈകൾ, കാൽകുപ്പായത്തിന്റെ വീതിപോലെ അധികം വീതിയും മണിക്കെട്ടുവരെ നീളവും കഴുത്താരം എട്ടുവിരൽ വീതിയിൽ പുറകോട്ടു മടക്കിയിട്ടും ഉള്ള ഒരു കമ്മീസുമിട്ടു വയറുവരെ നീളമുള്ള ഒരു കൊന്തയുമിട്ടു തോളിൽ നല്ലതിൽ ഒരു നാടൻമുണ്ടുമായി അത്രെ ശമ്മാശ്ശന്മാരും പട്ടക്കാരും എപ്പോഴും എല്ലായിടത്തും നടക്കുന്നതു. അപ്രകാരം തന്നെ മേല്പട്ടക്കാരുടെ മുമ്പിലും പോയിരുന്നു. ഇങ്ങനെ ഇരിക്കയിൽ ഒരു മൂപ്പച്ചൻ യൂറോപ്പിൽനിന്നും പുത്തനായിട്ടു വരാപ്പുഴെ വന്നിറങ്ങിയപ്പോൾ ലത്തീൻകാരും സുറിയാനിക്കാരുംകൂടി വരാപ്പുഴെ കടവിൽ ചെന്നു. അദ്ദേഹം കരയ്ക്കിറങ്ങിയ ഉടൻ ലത്തീൻകാരെ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



കണ്ടു പട്ടക്കാർ എന്നറിഞ്ഞു തക്ക ആചാരം ചെയ്തു. സുറിയാനിക്കാരെ കണ്ടാറെ അൽമേനികൾ എന്നു വിചാരിച്ചു യാതൊരു ബഹുമാനവും ചെയ്തില്ലാ. ഇതിൻെറ ശേഷം (ഈ ദേഹം) പെ. ബ. തോമ്മാ മല്പാനച്ചൻ മേലെഴുതിയ മാത്തു മല്പാനച്ചനോടു ഗുണദോഷമായി പറഞ്ഞതായതു: ഈ വണ്ണം നടക്കുന്നതു പട്ടക്കാൎക്കു ഒട്ടുംതന്നെ മുറയില്ലായ്കയാലല്ലേ ഇദ്ദേഹം നമ്മെ അറിയാഞ്ഞതും ബഹുമാനിക്കാഞ്ഞതും. ആയതുകൊണ്ടു് ഇനിയെങ്കിലും ളോവ ഉടുത്തു നടക്കണം. ആയതിനു അച്ചൻ ഒരു മനസ്സുവച്ചാൽ ഞാൻ ഉത്സാഹിച്ചു നടത്തിക്കൊള്ളാം എന്നു പറഞ്ഞപ്പോൾ ഇവരെപ്പോലെ കറുപ്പു ഉടുത്തു നടക്കാൻ കഴികയില്ലെന്നു പറഞ്ഞു.

എന്നാൽ കറുപ്പു വേണ്ടാ വെള്ള ആകട്ടെ എന്നു പറഞ്ഞു സമ്മതിപ്പിച്ചു് ഈ ദേഹവും പിച്ചി പൌലോസു കത്തനാരച്ചനുംകൂടി കൊച്ചിയിൽ പോയി ഏതാനും വെള്ളക്കച്ച വാങ്ങിച്ചു മല്പാനച്ചനും ശമ്മാശ്ശന്മാൎക്കും അന്നു വരാപ്പുഴെ പാൎത്തിരുന്ന പട്ടക്കാൎക്കും വെള്ള ളോവ കുത്തിപ്പിച്ചുകൊടുക്കുകയും ചെയ്തു. അതിൻെറ ശേഷം മെത്രാനച്ചനെ കാൺമാൻ വരാപ്പുഴെ ചെല്ലുമ്പോൾ ളോവ ഇട്ടുകൊണ്ടേ മെത്രാനച്ചൻെറ മുമ്പിൽ ചെന്നുകൂടു എന്നൊരു സ്വരം ഉണ്ടായി. ആയതിനാൽ അന്നുമുതൽ ശമ്മാശ്ശന്മാരു ളോവ കുത്തിക്കണം എന്നുള്ള ചട്ടം തുടങ്ങി. ഇങ്ങനെ നടത്തി വരികയാൽ മേൽപ്പറഞ്ഞവരെ പട്ടമേല്പാൻ ഭാവിച്ചപ്പോൾ ളോവ, സൂർപ്ലേസ് ഒക്കെയും അവൎക്കുണ്ടായതിൽ പിന്നെയത്രെ അനുവദിച്ചതും. അതെന്ത്യേ അതുവരെ പള്ളികളിൽ സൂർപലേസ് എന്നു പേരു പറഞ്ഞു വരുന്ന വട്ടത്തിൽ വെട്ടി നടുവിൽ കഴുത്തിലിടുവാൻ തക്കവണ്ണം വെട്ടിയിരിക്കുന്ന രണ്ടു മൂന്നു സൂർപ്ലേസ് ഉണ്ടായിരിക്കും. ഇതും പള്ളിവകയായിരിക്കും. പള്ളിയിൽ ശേഷം ഉടുപ്പുകൾ പോലെ ഉണ്ടാക്കി സൂക്ഷിച്ചുവരികയല്ലാതെ ഓരോരുത്തൎക്കു് ഇല്ലായിരുന്നു. പട്ടക്കാൎക്കു സൂർപ്ലേസ് വേണമെന്നും ആയതു കൈയുള്ളതായിരിക്കണമെന്നും ഈ ദേഹം പറഞ്ഞു. ഈ ശമ്മാശ്ശന്മാൎക്കും പിന്നീടു പട്ടമേററവൎക്കും ഉണ്ടാക്കിച്ചതിനാൽ ഓരോരുത്തർ ഉണ്ടാക്കുവാൻ തുടങ്ങി. എങ്കിലും ഇപ്പോഴും എല്ലാവൎക്കും ഉണ്ടായിട്ടില്ല.

ഈ ശമ്മാശ്ശന്മാരും മുൻപറഞ്ഞ കോയിൽമുക്കുകാരൻ ചാണ്ടപ്പിള്ള ശമ്മാശ്ശനും പിന്നെയും മററു ചിലരും വന്നു കൂടി

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

യതിനാൽ ഇദ്ദേഹം ഒരു സെമിനാരിക്രമം എഴുതിയുണ്ടാക്കി. ആയതിനു പന്ത്രണ്ടു വകുപ്പുണ്ടു്. ആയതു ഒരു പസ്സിയിൽ പതിച്ചു പഠിക്കുന്ന സ്ഥലത്തു വെച്ചു. പള്ളിയുടെ വടക്കു വശത്തു വരാന്തയുടെ കിഴക്കെ അററത്തു ഒരു മുറിയുണ്ടു്. അതിലത്രെ ഈ ദേഹം പാർക്കുന്നതു്. ആ വരാന്തയുടെ പടിഞ്ഞാറെ അററത്തു ഒരു ചെറിയ മുറിയും നടുവിൽ നീളമുള്ള ഒരു വരാന്തയും ഉണ്ടു്. ഈ വരാന്തയത്രെ സെമിനാരി ആക്കിയതു, അവിടെ ഇരുവശത്തു വങ്കും നടുവിൽ മേശയും ഇട്ടു ഇരുവശത്തും ശമ്മാശ്ശൻമാരു ഇരിക്കയും ചെയ്തിരുന്നു. ഞങ്ങറം അവിടെനിന്നു ആവശ്യത്തിനുമാത്രം പുറത്തുപോയിരുന്നു. അഞ്ചുമണിക്കു പുറത്തിറങ്ങി നടന്നിരുന്നു. ഉച്ചയ്ക്കു തീൻ കഴിഞ്ഞാൽ കുറെനേരം ഉറങ്ങുവാൻ മുറിയിൽ പോകും. അപ്പോറം എല്ലാവരും സുറിയാനി മലയാഴ്മ എഴുതണം. 6 മണിക്കു് പള്ളിയിൽ പോയി ലുത്തിനിയ, ധ്യാനവായന, കൊന്തനമസ്ക്കാരം മുതലായതു എത്തിച്ചിരുന്നു. ഇതിനെല്ലാം ഞങ്ങളോടുകൂടി ഈ ദേഹവും കൂടിയിരുന്നു. ഇതിൻെറ ശേഷം പഠനസ്ഥലത്തു ഞങ്ങളോടുകൂടി വന്നിരിക്കയും ചെയ്തിരുന്നു. അത്താഴം കഴിഞ്ഞു കുറെനേരം ജ്ഞാനകാര്യങ്ങളെക്കുറിച്ചു സംഭാഷണം ചെയ്തതിൻെറ ശേഷം മണികൊട്ടി ഉറങ്ങാൻ പോകുകയും ചെയ്യും. ഇങ്ങനെ കിടക്കുന്ന നേരം വരെയും ളോവ ഉടുത്തുകൊണ്ടു അവിടെത്തന്നെ ഇരിക്കയും മണി ഇല്ലായ്കയാൽ ചിലപ്പോറം പതിനൊന്നു മണിവരെ രാവായിപ്പോകുകയും ചെയ്യും. ഞങ്ങറം ഉറങ്ങുവാൻ പോയാലും ഈ ദേഹം വീണ്ടും അവിടെ ഇരുന്നു് ഏറിയനേരം വായിച്ചിരുന്നു. ഇങ്ങനെ നടന്നുവന്നതിൻെറ ശേഷം രണ്ടു ശമ്മാശ്ശന്മാരും ഒരു വാലിഭക്കാരനും മരിച്ചതിനാൽ പലരും കുററം പറഞ്ഞു തുടങ്ങി. അതായതു, വടയാററും കുമരകത്തും മററും ഉള്ള മല്പാന്മാരോടുകൂടി പഠിക്കുന്ന ശമ്മാശ്ശന്മാർ ളോവകൂടാതെ കമ്മീസോടുകൂടി പള്ളി അകത്തും വരാന്തയിലും മനസ്സുപോലെ നിലത്തും മററും ഇരുന്നും നടന്നും വായിക്കയും പഠിക്കയും ചെയ്തുവരുന്നതുപോലെ അല്ലാതെ ളോവ ഉടുത്തുകൊണ്ടു ക്രമമായി അവിടെത്തന്നെ ഇരുന്നും അവരോടുകൂടെ മുട്ടിപ്പായി ഈ ദേഹവും ഇരുന്നുകൊണ്ടും സെമിനാരി നടത്തുന്നു. ഇങ്ങനെ ഉള്ള ഞെരുക്കത്താലത്രെ ശമ്മാശ്ശന്മാരു ചാകുന്നതു് എന്നു പറഞ്ഞിരുന്നു. ആയതിനാൽ കുറെ നാറം കഴിഞ്ഞശേഷം വരാന്തയുടെ താഴത്തു നടന്നു വായിപ്പാൻ അനുവദിച്ചു. അതായതു എട്ടുമണി കഴിഞ്ഞു പാഠം കേറംപ്പിച്ചു

www.TheCMSIndia.org

കഴിയുന്നവരു വീണ്ടും പന്ത്രണ്ടു മണി വരെയും അപ്രകാരം മൂന്നു മണികഴിഞ്ഞു അഞ്ചുമണിവരെയും അവിടെ നടന്നു വായിപ്പാനും പള്ളിയിലും പരസ്യക്കൂട്ടത്തിലും ഞായറാഴ്ച, പെരുന്നാൾ ദിവസങ്ങളിൽ മാത്രം ളോവ ഉടുക്കുന്നതിനും അനുവദിക്കേണ്ടിവന്നു. ഇങ്ങനെ നടന്നു വരുമ്പോൾ മേല്പറഞ്ഞ പീലിപ്പോസു് ശമ്മാശ്ശ വയസ്സുകൊണ്ടും ബുദ്ധികുറവുകൊണ്ടും ഒന്നും പഠിക്കാത്തതുകൊണ്ടും വിചാരിച്ചതുപോലെയുള്ള ഗുണം കാണാഞ്ഞതിനാലും ഇനി പട്ടമേല്ക്കാതെ ഈ സ്ഥിതിയിൽ നിന്നു ദൈവശുശ്രൂഷ ചെയ്ക അത്രെ നല്ലതു എന്നു പറഞ്ഞതൈ അതിനും മനസ്സില്ല. ഇതിനാൽ, ഞാനതിനു കാരണക്കാരനായല്ലൊ എന്നു് ഈ ദേഹം വിചാരിച്ചു പീലിപ്പോസിനെ പഠിപ്പിക്കുന്നതിനുവേണ്ടിയ ഉത്സാഹം ചെയ്യണമെന്നു നിശ്ചയിച്ചു കാനോനാ നമസ്കാരം പഠിപ്പിച്ചു തുടങ്ങി. റംശായും ലെലിയായും ശമ്മാശ്ശന്മാരോടുകൂടി അത്രെ ഈ ദേഹം എത്തിക്കുക പതിവു. അഞ്ചു മണിക്കു റംശാ. അക്കാലങ്ങളിൽ തലെദിവസമെ ലെലിയ എത്തിക്കുക എന്നുള്ള പതിവു ഇല്ലായിരുന്നു. പിന്നെയൊ എത്ര ദീർഘമുള്ളതായാലും പിറവിയുടെതു നീക്കി ശേഷമൊക്കയും പുലർകാലമെ എത്തിച്ചു തുടങ്ങുകയുള്ളു. ഇതിനാൽ കാലത്തു തുടങ്ങി ഹൂലാലയും മൌതവായും സപ്രായും എത്തിച്ചു കുർബാന ചൊല്ലും. അപ്പോൾ തഴങ്ങുന്നതിനായി ടി. പീലിപ്പോസിനോടുകൂടെ എത്തിച്ചു തുടങ്ങി. എന്നാൽ ഇയാളെ പഠിപ്പിപ്പാനായി ഒന്നിച്ചു നമസ്കാരം എത്തിച്ചു കഴിയുമ്പോൾ എട്ടു ഒൻപതു മണിയാകും. ഇതിനാൽ ശേഷം ശമ്മാശ്ശന്മാർക്കു ഭാരമാകാതിരിപ്പാൻവേണ്ടി അവർ തനിച്ചു നമസ്കരിക്കുന്നതിനു അനുവദിച്ചുകൊണ്ടു ഈ ദേഹവും പീലിപ്പോസുമായി നമസ്കരിച്ചിരുന്നു. ആ ആണ്ടിൽ അതാതു നോമ്പിൽ പുലർകാലെ തുടങ്ങി പീലിപ്പോസിനോടുകൂടെ ഏഴു ഹൂലാലയും ഞായറാഴ്ച ദിവസം പത്തു ഹൂലാലയും എത്തിച്ചു കഴിഞ്ഞതിന്റെ ശേഷം കുർബാന ചൊല്ലിയിരുന്നു.

ഈ ദേഹം കുർബാന ചൊല്ലിയപ്പോൾ തുടങ്ങി എന്നു തോന്നുന്നു ഞങ്ങൾ പഠിപ്പാൻ ചെന്നപ്പോഴും ദിവസവും ഒരു നേരം. അതു ഉച്ചയ്ക്കു മാത്രം ചോറുണ്ണും. വയ്യീട്ടു കുറെ കഞ്ഞി കുടിക്കും. കാലത്തു ഒന്നുമില്ല. ഇങ്ങനെ ഏറിയ കാലം ജീവിച്ചിരുന്നു. അനന്തരം ഒരു കഠിന ജ്വരം വന്നപ്പോൾ പുത്തനങ്ങാടിയിൽ ഇട്ടൂപ്പു വൈദ്യൻ കർശനമായി പ്രമാണിച്ചതി

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



നാൽ അന്നുമുതൽ കാലത്തു കഞ്ഞി കുടിച്ചു തുടങ്ങി. എന്നാൽ വരാപ്പുഴെ സെക്രത്താരി ആയിട്ടു താമസിച്ചിരുന്ന കാലത്തും ഈ ക്രമം അവിടെയും അനുസരിച്ചിരുന്നു. ഈ ദേഹത്തിൻെറ ഭക്ഷണം വീട്ടിൽനിന്നു കൊണ്ടുവന്നിരുന്നു. എന്നാൽ മേലെഴുതിയവണ്ണം വീട്ടിൽ ഞെരുക്കം തന്നെ. ഈ ദേഹം കുർബാന ചൊല്ലുന്നതിനു കുറെ ദിവസം മുമ്പ് അമ്മയും മരിച്ചു. ഒരു ജ്യേഷ്ഠനും രണ്ടു പെങ്ങന്മാരും ഉള്ളതിൽ മൂത്ത പെങ്ങളുടെ കെട്ടിയവൻ സ്വഭാവക്കേടുകാരനായി രക്ഷിക്കായ്കയാൽ ഈ പെങ്ങളും വീട്ടിൽ വന്നു പാർത്തിരുന്നു. അവരത്രെ ഈ ചോറും കറിയും ഉണ്ടാക്കി കൊടുത്തയച്ചുന്നതു. എന്നാൽ ജ്യേഷ്ഠൻ അധിക പ്രാപ്തിയില്ലാത്ത ആളായിരുന്നു. ഇതിനാൽ ഇവരൊക്കയും ഈ ദേഹം കുർബാന ചൊല്ലിയനാൾ മുതൽ ഈ ദേഹത്തിൻെറ സഹായത്താലത്രെ ചെലവു കഴിച്ചുവന്നതു് എന്നു പറയാം. ഈ ദേഹത്തിൻെറ ഉച്ച ഭക്ഷണത്തിനു എല്ലായ്പ്പോഴും ഒരു കറി മാത്രമേ ഉണ്ടായിരുന്നുള്ളു. ഈ ദേഹം എത്ര ബുദ്ധിമുട്ടിയാറെയും ടി. പീലിപ്പോസിന്നു പഠനത്തിൽ ഒരു ഫലവുമില്ലെന്നുകണ്ടു് ഇനി താൻ അഞ്ചുപട്ടം ഏൽക്കണ്ടാ എന്നു പറഞ്ഞു. അപ്പോൾ പീലിപ്പോസു അരിശപ്പെട്ടു ''നീ എന്നെ ചതിച്ചില്ലയൊ, ഞാൻ മാപ്പിള ആയിട്ടു നടന്നതല്ലയൊ, എന്നെ ഈ കോലം കെട്ടിച്ചിട്ടു ഇപ്പോൾ ഇനിക്കു പട്ടം തരുവിക്കയില്ലയോ ? ഈ കൊച്ചു ശമ്മാശ്ശന്മാരെ ഒക്കെ പട്ടമേല്പിക്കുന്നല്ലൊ'' എന്നും മററും ഈ ദേഹത്തെ ദൂഷണം പറവാൻ തുടങ്ങി. അനന്തരം ടി. പീലിപ്പോസു പള്ളിപ്പുറത്തുനിന്നും പുറപ്പെട്ടു പരദേശി ആയി നടപ്പാൻ തുടങ്ങി.

ഇങ്ങനെ ഈ ദേഹം പഠിപ്പിച്ചു വരികയിൽ ഈ ദേഹത്തിൻെറ മല്പാൻ വയസ്സായി കല്പറമ്പിൽ പാർത്തു പഠിപ്പിച്ചുവന്നിരുന്നു. എന്നാൽ കന്നിമാസം 1-ാം ഞായറാഴ്ച, സെമിനാരിപ്പെരുന്നാളായി കല്പറമ്പിൽ ഘോഷിച്ചുവന്നിരുന്നു. ഞങ്ങളുടെ മല്പാനച്ചൻ ആ ദേഹത്തിൽ നിന്നു ഏററിയ ഉപകാരം കൈക്കൊണ്ടിരിക്കയാൽ ആ ദേഹത്തിനെ ചെന്നുകണ്ടു ഒരു വാഴ്‌വു വാങ്ങിക്കണമെന്നു വിചാരിച്ചു ആദ്യ ശിഷ്യരായ പള്ളിപ്പുറത്തു ഇടവകക്കാരൻ വരാപ്പുഴെ മല്പാനായിരുന്നു മരിച്ചു മംഗലത്തു ചാണ്ടി കത്തനാരച്ചനെയും വൈക്കത്തു പഴയ കടവിൽ യൗസേപ്പു് കത്തനാരച്ചനെയും എന്നെയുംകൂടി കൊണ്ടുപോകാമെന്നു നിശ്ചയിച്ചു. ഇതിനാൽ അവർ രണ്ടുപേരും

www.TheCMSIndia.org

അവരുടെ വീടുകളിൽനിന്നു ഓരോ കുത്തു കച്ചയും എനിക്കു വേണ്ടി ഈ ദേഹം തന്നെ ഒരു വിശേഷ പൂതപ്പും വാങ്ങിച്ചു ഞങ്ങളെ മൂവരേയും കൂട്ടി കൊച്ചിയിൽ അടുത്തു ചില വിശേഷതര തീൻസാധനങ്ങളും ചട്ടംകെട്ടി കല്പറമ്പിൽ ചെന്നു. ക്ഷവനായ മല്പാനച്ചനു ഈ ദേഹം വലിയ ബഹുമാനത്തോടും ആചാരത്തോടുംകൂടെ വണക്കം ചെയ്തിട്ടു ദൂരെ മാറിനിന്നു. അപ്പോൾ ഞങ്ങൾ മൂവരും ഈ കാഴ്ചകളും കൊണ്ടുചെന്നു ആ ദേഹത്തിന്റെ മുറിയിൽ വച്ചു കസേരയുടെ മുമ്പിൽ മുട്ടുകുത്തി കൈമുത്തുകയും ആ ദേഹം സന്തോഷത്തോടുകൂടെ ഞങ്ങളുടെ തലയിൽ കൈവച്ചു ആശീർവദിക്കയും ചെയ്തു. ടി. പെരുന്നാളിനു പല ശിഷ്യരും വന്നു കൂടിയിരുന്നു. ഈ ദേഹമത്രെ പ്രസംഗം പറഞ്ഞതു. പ്രസംഗം കഴിഞ്ഞു ഞങ്ങൾ പുള്ളിപ്പുറത്തിനു തിരിച്ചുപോരുകയും ചെയ്തു.

ഈ കാലങ്ങളിൽ വരാപ്പുഴ വികാരി അപ്പസ്തോലിക്കാ ആയിട്ടു മിലേസിയോ പ്രംതർഗാസ്റ്റ് എന്ന ഇംഗ്ലീഷ് മെത്രാനച്ചൻ റോമ്മായിൽ നിന്നുതന്നെ വാഴ്ചയും കൈക്കൊണ്ടു വരാപ്പുഴെ വന്നു. അന്നു നടന്നു വന്നിരുന്ന ചട്ടപ്രകാരം അതായതു ഒരു വികാരി അപ്പസ്തോലിക്കായുടെ കാലം കഴിഞ്ഞതിന്റെ ശേഷം മറ്റൊരാൾ വാഴ്ച ഏറ്റു പള്ളി ഭരിപ്പാൻ തുടങ്ങുന്നതിനു മുമ്പു തന്നെ പള്ളികൾക്കു ഒക്കെയും കല്പന അയച്ചു വികാരിമാരെയും വേണ്ടത്തക്ക ജനങ്ങളെയും കൂട്ടി, നിശ്ചയിക്കപ്പെട്ട ദിവസത്തിൽ വരാപ്പുഴ പള്ളിയിൽ വരുത്തി ലത്തീനിലും മലയാഴ്മയിലും പരസ്യപ്പെടുത്തുകയും ആയതിന്റെ പകർപ്പുകൾ പള്ളികൾക്കു ഒക്കെയും കൊടുത്തയക്കയും ചെയ്യും. അന്നേ ദിവസം കൂടുന്ന പട്ടക്കാർക്കും ജനങ്ങൾക്കും അവരവരുടെ ബഹുമാനത്തിനു തക്കവണ്ണം തീൻ കൊടുക്കമാറായിരുന്നു. അപ്രകാരം തന്നെ മേലെഴുതിയ മെത്രാനച്ചൻ വന്നയുടൻ ഈ ക്രമവും കഴിച്ചു. ഈ ദേഹവും ഈ ക്രമത്തിനു കൂടിയിരുന്നു. ഈ ദേഹം പഠിപ്പിപ്പാൻ തുടങ്ങിയ കാലംവരെ വരാപ്പുഴെ സെക്രത്താരി ആയി താമസിച്ചിരുന്നു. പള്ളികൾ സംബന്ധിച്ച കാര്യം മാത്രമല്ല വരാപ്പുഴെ ഉള്ള വസ്തു ഏർപ്പാടുകളുടെയും വിവരങ്ങളും വേണ്ടുംവണ്ണം ഗ്രഹിച്ചിരുന്നു. സെക്രത്താരി വേലയിൽ നിന്നൊഴിഞ്ഞിട്ടും വികാരി ജനറാളന്മാരായി നടത്തിയിരുന്ന പ്രോസ്പർ, നിക്ലാവോസ് എന്ന മൂപ്പന്മാർ പ്രധാന സംഗതികൾ ഉണ്ടാകുമ്പോൾ ഈ ദേഹത്തിനെ ; ആളയച്ചു വരുത്തി ആലോചന ചോദിച്ചിരുന്നു.

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



ഇതു മുഖാന്തിരം ഈ ദേഹം വരാപ്പുഴെ ചെന്നാൽ പിന്തിരിയും വരെയുള്ള ചെലവുകൾ എല്ലാം അവിടെനിന്നു നടത്തിയിരുന്നു. ഈ മെത്രാനച്ചൻെറ കാലത്തിലത്രെ പള്ളികളിൽ വിസീത്തസ്സു മെത്രാൻതന്നെ പോകുന്ന ചട്ടം തുടങ്ങിയതു 1-ാമതു കടമാളൂർ പള്ളിയിലത്രെ വിസീത്തസ്സു പോയതു്. അതിൻെറ ശേഷം പള്ളികളൊക്കയിലും വിസീത്തക്കു പോയി. ഇതിനു മുമ്പിൽ ബഹുമാനപ്പെട്ട മിസ്യോനരിമാരെ പള്ളികളിലയക്കുന്നതല്ലാതെ മെത്രാന്മാരു പോകുക ചട്ടമില്ലായിരുന്നു. പക്ഷെ ഈ മലയാള രാജാക്കളുടെ ഇടത്തുള്ള ബഹുമാനത്തിനു വേണ്ടി ആയിരുന്നു എന്നു തോന്നുന്നു. അതായതു, മുനിമാരു അവരുടെ ഇടത്തിൽ നിന്നിറങ്ങി സഞ്ചരിക്കയില്ലാ എന്നുള്ള മറ അനുസരിച്ചായിരിക്കും. എന്നാലിപ്പോൾ ചെയ്യുംവണ്ണമുള്ള ക്രമത്തോടും ഫലത്തോടുംകൂടെ ചെയ്തിരുന്നില്ലെങ്കിലും പള്ളികളിൽ നടന്നു് സെമിത്തേരി വേണമെന്നും ആയതിൽ ശവമടക്കണമെന്നും കുമ്പസാരക്കൂടു ഉണ്ടാക്കണമെന്നും കൊമ്പിരിയാ ഉണ്ടാക്കണമെന്നും മററുമുള്ള ചട്ടം ഈ ദേഹം കല്പിച്ചു. അതിനുമുമ്പു പള്ളികളിൽ പ്രത്യേകം സുറിയാനി പള്ളികളിൽ ദശ്നവും (കൊമ്പിരിയാ എന്നുള്ള ക്രമം) ഉണ്ടായിട്ടില്ല. സെമിത്തേരിയും കുമ്പസാരക്കൂടും ലത്തീൻ പള്ളികളിലും ഇല്ലാഞ്ഞു.

സുറിയാനി ഭാഷയിൽ ശാസ്ത്രപ്പുസ്തകങ്ങളും തെയൊലോജിയാ, മോറാൽ ഇങ്ങനെയുള്ള പട്ടക്കാൎക്കു ആവശ്യമായ പുസ്തകങ്ങൾ ഇല്ലായ്കയാൽ പട്ടക്കാരുടെ അറിവില്ലായ്മ നിമിത്തം ഉണ്ടാകുന്ന നാശങ്ങളെ കാൺകയാൽ ഈ ദേഹം ഏററവും സങ്കടപ്പെട്ടു വളരെ അന്വേഷിച്ചതിൽ, പാണ്ടിരാജ്യങ്ങളിൽ പൌലീസ്തുക്കാരു ചില പുസ്തകങ്ങൾ തമിൾ പേച്ചിൽ ഉണ്ടാക്കീട്ടുണ്ടെന്നും കേട്ടു. ആ പുസ്തകങ്ങൾ വരുത്തി, അപ്രകാരം തന്നെ ഇവിടങ്ങളിലും ചില മിസ്യോനരിമാരാൽ ഉണ്ടാക്കപ്പെട്ട ചില മലയാഴ്മ പുസ്തകങ്ങളും വരുത്തി ഇവയെല്ലാം ഞങ്ങൾക്കു വായിപ്പാനും തന്നു ഈ ദേഹവും തമിഴ പഠിച്ചു, ആ പുസ്തകങ്ങൾ വായിച്ചു വന്നു. എല്ലായ്പ്പോഴും തന്നെ വായിച്ചിരുന്നു. ആയതുകൊണ്ടു മററു മല്പാന്മാരു ''തമിഴമല്പാൻ, പാണ്ടിമല്പാൻ'' എന്നു പരിഹാസമായി വിളിച്ചിരുന്നു. എന്തുകൊണ്ടെന്നാൽ സുറിയാനി പേച്ചിലുള്ള പഠനം ഇല്ലായ്കയാലത്രേ ഈ തമിഴ പുസ്തകങ്ങളെ വായിക്കുന്നതു് എന്നു പറഞ്ഞു വന്നിരുന്നു.

www.TheCMSIndia.org

പുണ്യജീവിതം, വലിയ ഓത്തിന്റെ അത്ഥം ഞാറയ്ക്കൽ മല്പാൻ
കരിയാററിൽ മല്പാൻ, പൌലീനോസ് മൂപ്പച്ചൻ എന്നിവ
രാൽ ഉണ്ടാക്കപ്പെട്ട കൂദാശപ്പുസ്തകങ്ങളും മററു ചില വിശേഷ
മലയാളപുസ്തകങ്ങളും ജ്ഞാനമുത്തു, ജ്ഞാനസഞ്ജീവി,
ഏഴാംപ്പുത്തമ, നക്ഷത്രമാല, പുരാന്തിമം, പശ്ചിമം മുതലായ
വിശേഷ തമിഴ് പുസ്തകങ്ങളും ഉണ്ടായിരുന്നു. അച്ചടി
പ്പെന്ന പേരുക്കൂടെയും കേട്ടിട്ടില്ലാത്ത ഈ ഇന്ത്യയിൽ ഇങ്ങനെ
യുള്ള പുസ്തകങ്ങളെ സമ്പാദിക്കുന്നതിനു അധിക അന്വേഷ
ണവും വേലയും വേണ്ടിവന്നു. തമിഴിൽ നിന്നു മലയാളത്തി
ലേക്കു ചില പുസ്തകങ്ങൾ ഭാഷാന്തരം ചെയ്തിരുന്നു.
തന്റെ ശിഷ്യർ എല്ലാവരേയും പക്ഷഭേദം കൂടാതെ പഠിപ്പി
ക്കയും, അവർക്കുവേണ്ടി കൈയെഴുത്തായിരുന്ന സുറിയാനി
വേദപുസ്തകങ്ങൾ പല സ്ഥലങ്ങളിൽ നിന്നും വരുത്തി
അവർക്കു കൊടുക്കയും അവരെക്കൊണ്ടു പകർത്തിപ്പി
ക്കയും ചെയ്തിരുന്നു. പട്ടക്കാർക്കുള്ളത്ത അറിവിന്നു തക്ക
തായ പഠിത്വമുണ്ടാകണമെങ്കിൽ ലത്തീൻഭാഷ പഠിക്കണം
എന്നു നിശ്ചയിച്ചു ചിലരെ എങ്കിലും പഠിപ്പിച്ചാൽ
അവരു വഴിയായി ശേഷം പേർക്കും ഉപകാരം ഉണ്ടാകും
എന്നു വിചാരിച്ചു. ആകയാൽ ഞങ്ങൾ അറിയാതെ മേലെഴു
തിയ മിലേസ്യാ മെത്രാനച്ചനെ ഈ സംഗതി ബോധിപ്പിച്ചു
ആ ദേഹവും സമ്മതിച്ചു. നിക്കാവോസു മൂപ്പച്ചന്നു ഈ ദേഹ
ത്തിന്റെ നേരെ അധിക സ്നേഹമായിരുന്നതിനാൽ വേണ്ട
സഹായങ്ങൾ ചെയ്യാമെന്നു പറഞ്ഞു. അപ്രകാരം ഞങ്ങൾ
മൂവരേയും കൂട്ടിക്കൊണ്ടു വരാപ്പുഴെ കൊണ്ടുപോയി ആക്കി.
സെമിനാരിക്കു പുറത്തു കിണററിന്റെ പടിഞ്ഞാറുവശമുള്ള
മുറിയിൽ ഞങ്ങൾ പാർപ്പാനും പഠിത്വത്തിന്റെ നേരത്തു
ലത്തീൻകാരുടെ സെമിനാരിയിൽ പോയി പഠിച്ചുകൊള്ളണ
മെന്നും തീനും കിടപ്പും ഈ മുറിയിൽ കഴിച്ചുകൊള്ളണമെന്നും
എന്തോരാവശ്യം നിങ്ങൾക്കു ഉണ്ടായിരുന്നാൽ ഒക്കെയും മൂപ്പച്ച
നോടു പറഞ്ഞാൽ നടത്തിത്തരുമെന്നും പറഞ്ഞുകൊണ്ടു് ഈ
ദേഹം പള്ളിപ്പുറത്തിനുപോയി. പിറേറ ദിവസം ഞങ്ങൾ
സെമിനാരിയിൽ ചെന്നാറെ സെമിനാരിയിൽ കയററുന്നതിനു്
അവർക്കു സമ്മതമില്ലാഞ്ഞു. ഇതിനാൽ ഈ ദേഹത്തിന്റെ
നല്ലവാക്കു സാധിക്കാതെ പള്ളിപ്പുറത്തേക്കു പിന്തിരിയേണ്ടി
വന്നു. ആകയാൽ ലാക്കു സാധിക്കാതിരുന്നു എന്നു മാത്രമല്ല,
കുറെ മാനക്കേടും സങ്കടവുംകൂടി ഉണ്ടായി. ഇനി ഇതിനു എന്തു

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

CHRISTIAN MUSICOLOGICAL SOCIETY OF INDIA

വഴിയുള്ള എന്നു വിചാരിച്ചപ്പോൾ മേലെഴുതിയ രണ്ടുപേരും
പ്രായം ചെന്നവരാകയാലും കാനോന നമസ്കാരം മുതലായതു
തഴങ്ങി അഞ്ചു പട്ടത്തിനു ആസ്ഥമാകുവാൻ ആഗ്രഹിക്കയാലും
എന്നെയെങ്കിലും കുറെ ലത്തീൻപേച്ചു പഠിപ്പിക്കണമെന്നു
നിശ്ചയിച്ചു. അന്നു തങ്കിപള്ളിയിൽ വികാരി ആയിരുന്ന
വടക്കൻ പള്ളിപ്പുറത്തുകാരൻ മെയിൻ പാദ്രിയച്ചൻ ഒരു പ്രകാരം
ലത്തീൻപേച്ചു തിരിയുന്നയാൾ എന്നു കേട്ടു ഈ ദേഹം തന്നെ
ചിലവും തന്നു അയച്ചു. കുറേനാൾ ആറെട്ടുമാസം അവിടെ
താമസിച്ചു. അപ്പോൾ ഒരു ദീനം വന്നതിനാൽ പോരുകയും
ചെയ്തു. ഈ ആഗ്രഹം സാധിക്കുന്നതിനു് ഇടയായില്ല. ഇങ്ങനെ
ഞങ്ങളെ പഠിപ്പിച്ചിരിക്കുന്ന കാലത്തു ആ ദേഹത്തിന്റെ
ഏറിയ പ്രയത്നത്താൽ യജമാനന്മാരെ ബോധിപ്പിച്ചു വടയാറു
പള്ളിയിലും, പിന്നെയും ചിലപള്ളികളിലും കൊൺഗ്രസ്യോൻ
എന്ന കർമ്മലമാതാവിന്റെ ദർശനപ്പെരുന്നാൾ സ്ഥാപിച്ചു
ഘോഷിച്ചിരുന്നു. ആദേഹത്തിനു ഏററിക്കപ്പെട്ട സ്നേഹക്കാര
നായ ബ. പോരൂക്കര തോമ്മാക്കത്തനാരച്ചനും ഈ ദേഹവും
കൂടെ ഈ മലയാളത്തിൽ പട്ടക്കാൎക്കുപോലും ഒരു തപസ്സുഭവനം
ഇല്ലായ്കയാൽ ഏറിയ നന്മകൾക്കു വിഘ്നമായിരിക്കകൊ
ണ്ടു വല്ല പ്രകാരത്തിലും പട്ടക്കാൎക്കെങ്കിലും ഒരു ദർശന വീടു
ണ്ടാക്കണമെന്നാഗ്രഹിച്ചു. ആയതിന്നു ഒരു സഹായം ആരുമി
ല്ലായ്കകൊണ്ടു ഖേദിച്ചപേക്ഷിച്ചിരിക്കുമ്പോൾ ദൈവസഹാ
യത്താൽ ബഹുമാനപ്പെട്ട ബോംബെയുടെ വികാരി അപ്പസ്തോ
ലിക്കാ ആയ മാർ മൌറേലിയോസ് ദൊലീക്കാ എന്ന മെത്രാ
നച്ചൻ ഇവിടേക്കു വന്നു. മാർ ലെയോൻ പത്താമതു എന്ന ശുദ്ധ
മാന മാർപാപ്പായുടെ കല്പനയാൽ വരാപ്പുഴയ്ക്കു ഇന്തിരീനാ
വികാരി അപ്പസ്തോലിക്കാ ആയിട്ടു വാഴുകയിൽ, ഞങ്ങളുടെ
മല്പാനച്ചൻ, മുമ്പു പീയൂസു ഏഴാമതു എന്ന ശുദ്ധമാന മാർപാപ്പ
യുടെ കാലത്തു വരാപ്പുഴ വികാരി അപ്പസ്തോലിക്കാ ആയിട്ടു
വാണിരുന്ന മാർ റെയിമുന്തു് സൂര്യ എന്ന മെത്രാനച്ചന്റെ
സെക്രത്താരിയായിട്ടു പാർത്തിരുന്നതിനാലും, പിന്നെ ഉണ്ടാ
കുന്ന യജമാനന്മാരു ആലോചന ചോദിക്കുന്നതിനായി ഞങ്ങ
ളുടെ മല്പാനച്ചനെ വിളിക്കുമാറായിരുന്നു. അപ്രകാരം ബഹു
മാനപ്പെട്ട മാർ മൌറേലിയോസ് എന്ന മെത്രാനച്ചൻ വിളിച്ചു
ഒന്നുകിൽ സെക്രത്താരി ആയിട്ടവിടെ പാൎക്കണം, ആയതല്ലെ
ങ്കിൽ ഇപ്രകാരം വിശ്വാസമുള്ളതിൽ ഒരു പട്ടക്കാരനെ ഇവിടെ
നിൎത്തണം എന്നു കല്പിച്ചു. ഞങ്ങളുടെ മല്പാനച്ചനു പഠിപ്പിക്കൽ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



എന്ന ജോലി ഉപേക്ഷിപ്പാൻ പാടില്ലായ്കയാൽ പോരുക്കര തോമ്മാക്കത്തനാരച്ചനെ കൊല്ലത്തു തങ്കച്ചേരി പുത്തൻപള്ളിയിൽനിന്നു വരുത്തി മെത്രാനച്ചന്റെ സെക്രത്താരി ആയിട്ടു ആക്കുകയും ചെയ്തു. ഇങ്ങനെയിരിക്കയിൽ ഇവരു മുൻവിചാരിച്ച സംഗതിയെപ്പററി ആലോചിക്കയിൽ ''എന്റെ നാമത്തിനു രണ്ടുമൂന്നുപേരു കൂടുന്നിടത്തു ഞാനുണ്ടാകുമെന്നും, ചോദിപ്പിൻ നിങ്ങൾക്കു കിട്ടപ്പെടും'' എന്നിങ്ങനെയുള്ള നമ്മുടെ കർത്താവിന്റെ അരുളപ്പാടിനു തക്കവണ്ണം ഇവരുടെ ഉത്സാഹത്താലും അപേക്ഷയാലും ബഹുമാനപ്പെട്ട മെത്രാനച്ചൻ ഈ അവസ്ഥകൾ ഗ്രഹിച്ചപ്പോൾ ദാഹിക്കപ്പെട്ട ഭൂമി വർഷത്താൽ തെളിയുംവണ്ണം പുണ്യദാഹത്താൽ ദാഹിക്കപ്പെട്ടിരിക്കുന്ന അച്ചൻ ഏററിക്കപ്പെട്ട തെളിവാൽ തെളിഞ്ഞു. ''തമ്പുരാന്റെ മുഖം അന്വേഷിക്കുന്നവരു ഈ വേലയ്ക്കു ദാനധർമ്മം ചെയ്യണ'' മെന്ന ഒരു പസ്സേന്തി എഴുതി. ഇതിനു ദാനധർമ്മമായിട്ടു ബഹുമാനപ്പെട്ട അച്ചൻ 1829-ാം കാലം വൃശ്ചികം 1നു- തന്നെ മുൻപിനാൽ ഇവരുടെ കയ്യിൽ, അതായതു ഞങ്ങളുടെ മല്പാനച്ചന്റെയും പോരുക്കര അച്ചന്റെയും കയ്യിൽ ഇരുനൂറു കമ്പനി രൂപയും കൊടുത്തു. ഇതിനു വേലചെയ്‌വാൻ ഇവർ രണ്ടുപേരെയും കഴലപ്പെടുത്തി അയച്ചു. ഇവരു പുറപ്പെട്ടു 1830-ാം കാലം തുലാമാസത്തിൽ കോയിൽമുക്കു പള്ളിയിൽ (എടത്വായിൽ) പോകുംവഴി കല്ലൂർക്കാട്ടു പള്ളിയിൽ (ചമ്പക്കുളത്തു) കയറി പസ്സേന്തി കാട്ടി വിവരം അറിയിച്ചു. പട്ടക്കാരും യോഗക്കാരുംകൂടി ഇരുനൂറു രൂപയ്ക്കു ആയിരപ്പറനെല്ലു തരത്തക്കതിൻ വണ്ണം നിശ്ചയിച്ചു. വികാരി അച്ചന്റെ ഒപ്പും പസ്സേന്തിയിൽ വെച്ചുതന്നു. അവിടെനിന്നു കോയിൽമുക്കു പള്ളിയിൽ പോയി. അവിടെയും പസ്സേന്തികാട്ടി വിവരം അറിയിച്ചാറെ അവരെല്ലാവരുംകൂടി പള്ളിയിൽനിന്നു നാനൂറു രൂപായ്ക്കു പതിനായിരം ചക്രം കൊടുക്കത്തക്കതിൻവണ്ണം നിശ്ചയിച്ചു. ,പൂട്ടുതുറന്നു ചക്രം പതിനായിരവും കൊടുക്കുകയും ചെയ്തു. അവിടെനിന്നു അച്ചൻ പള്ളിപ്പുറത്തുവന്നു പാക്‌യും, എ. പെ. ബ. മെത്രാനച്ചൻ അത്തുങ്കൽ മാർ അന്ത്രയോസു ശ്ലീഹായുടെ പള്ളിയിൽ താമസിക്കയിൽ പോരുക്കര അച്ചൻ അവിടെ പോയി സെക്രത്താരിയായി താമസിക്കയും ചെയ്തു.

കുറെക്കാലം കഴിഞ്ഞതിന്റെ ശേഷം വീടിന്നു സ്ഥലം കാണണമെന്നു നിശ്ചയിച്ചു ഞങ്ങളുടെ മല്പാനച്ചനും പോരുക്കര അച്ചനും ആ ദേഹത്തിന്റെ ഒരു വാലിഭകാരനായിട്ടു

www.TheCMSIndia.org

കണിയാന്തറ യാക്കൊ എന്ന പൈതലും പള്ളിപ്പുറത്തു പള്ളി ഇടവക കല്ലുങ്കൽ ഇട്ടിഅയിപ്പും ഈഴവപ്പരിഷയിലുള്ള ഇട്ടൻ എന്നവനും ഇവരെല്ലാവരും കൂടി പുറപ്പെട്ടു ഇത്തിപ്പുഴ ആററിൻ വഴിപോയി. വെട്ടിക്കാട്ടുമുക്കും കടന്നു ആ പ്രദേശങ്ങളൊക്കെയും തിരിഞ്ഞു. അവിടെനിന്നു കടനാട്ടിൽപാറ എന്നു ചൊല്ലുന്ന ഒരപകടസ്ഥലവും കടന്നു മുളക്കുളത്തു ചെന്നു. അവിടെയും തിരഞ്ഞാറെ തക്കതായ ഒരിടവും കണ്ടില്ല. അവിടെനിന്നും തിരികെ യാത്ര പുറപ്പെട്ടു വഴിക്കു കാണുന്ന ഉയരപ്പെട്ട കുന്നും മലയും നോക്കുകയും ആലോചിക്കുകയും ഇങ്ങനെ കടനാട്ടിൽപാറയും കടന്നു അതിന്നും താഴെ വെട്ടിക്കാട്ടുമുക്കിനും മേൽക്കു കളനൂരിന്നു ചെല്ലുന്ന മണയ്ക്കു് അടുത്തു് അവിടെ ഒരു സ്ഥലം കണ്ടു. അവിടവും വേനൽ കാലത്തിൽ ഓരു കടക്കുന്നതിനാൽ ആ സ്ഥലവും പിടിച്ചില്ല. അവിടെനിന്നു പള്ളിപ്പുറത്തു വന്നു് ഇനി ഒരു സമയത്താകട്ടെ എന്നും വെച്ചു പോത്രുക്കര അച്ചൻ മെത്രാനച്ചന്റെ പക്കൽ പോയി.

കുറെനാൾ കഴിഞ്ഞതിന്റെ ശേഷം പസ്സാറം പാദ്രി അച്ചനും ഞങ്ങളുടെ അച്ചനും പോത്രുക്കര അച്ചനും ഇട്ടൂപ്പു കത്തനാരച്ചനും മംഗലത്തു ചാണ്ടി കത്തനാരച്ചനും കൂടെ മുമ്പിൽ പോയ ആററുവഴിക്കുതന്നെ പുറപ്പെട്ടു വെട്ടിക്കാട്ടുമുക്കിനും മേല്ക്കു കടനാട്ടിൽ പാറയ്ക്കും താഴെ കാവൽ വഴി ചേരിക്കും കിഴക്കുള്ള ചെമ്മഞ്ചി എന്നു ചൊല്ലുന്ന ഉയർന്ന ഒരു കുന്നുംപുറം കണ്ടു. അതിനും മുകളിൽ വളരെ പ്രയാസവും ബുദ്ധിമുട്ടും കഴിച്ചു കയറി നോക്കിയപ്പോൾ ഉയർച്ചയും വീതിവിസ്താരവും സ്ഥലസൌഖ്യവും നല്ലതുതന്നെ. എങ്കിലും വള്ളമടപ്പാനും താഴത്തുനിന്നു ഒരു വസ്തുവും മുകളിൽ കൊണ്ടുവരുവാനും വളരെ പ്രയാസം. അതിനാൽ ആ സ്ഥലവും അത്ര യുക്തികരമായില്ല. അവിടെനിന്നു എല്ലാവരും മടങ്ങി ഓരോരുത്തരുടെ സ്ഥലത്തു പോരുകയും ചെയ്തു.

അനന്തരം ഞങ്ങളുടെ മല്പാനച്ചന്നു വാതം വന്നു വിഷമിച്ചു കിടപ്പിലായി. ഒരു മാസത്തോളം കുർബാന ചൊല്ലാതെയും അരക്കുടെ തളർന്നു പോകയാൽ കാൽ അനക്കുവാൻ വഹിയാതെയും ആയിപ്പോയി. ദീനം ഒരു വിധം സൌഖ്യമായ ശേഷം വടകരയ്ക്കുപോയി. അവിടെവച്ചു ഞാനും ബ. അച്ചനും ആററിനക്കരെ കടന്നു് പല മലകളും കുന്നുകളും കയറി ഏകദേശം ഉച്ചതിരിഞ്ഞപ്പോൾ പിന്തിരിഞ്ഞു വന്നു. ആ

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

സ്ഥലങ്ങളും ബോധിച്ചില്ല. അവിടെനിന്നു ഞങ്ങൾ പള്ളിപ്പുറത്തിനു തിരികെ വന്നു. അതിരമ്പുഴക്കു കിഴക്ക് പള്ളിക്കുന്നെന്നും പള്ളിക്കയമെന്നും ഇങ്ങനെ നല്ലതിൽ ഒരിടമുണ്ടെന്നും, വേദഗിരി എന്ന ഒരു ഇടമുണ്ടെന്നും കേട്ടതിനാൽ ആ ഇടങ്ങൾ കാൺമാനായി ഞങ്ങളുടെ അച്ചനും പോത്രക്കരെ അച്ചനുംകൂടെ പോയി. ആ ഇടങ്ങൾ കണ്ടാറെ വെള്ള സൗഖ്യമുള്ളടത്തു് സ്ഥലസൗഖ്യക്കേടും സ്ഥലസൗഖ്യമുള്ളടത്തു് വെള്ള സൗഖ്യക്കേടും ആകയാൽ ആ സ്ഥലങ്ങളും നല്ലവണ്ണം പിടിച്ചില്ല. അവിടെനിന്നു കുടമാളൂർ ആററിൽ വന്നപ്പോൾ കുടമാളൂർ പള്ളിക്കു കിഴക്കു ഉയർന്നതിൽ പുഴയരികിൽ ഒരു കുന്നു കണ്ടു. അവിടെ കയറി കണ്ടപ്പോൾ സ്ഥലസൗഖ്യംകൊണ്ടും പുഴയരികിലാകകൊണ്ടും ആയതുതന്നെ കൊള്ളാമെന്നു് നിശ്ചയിച്ചു. ഏററിയ ബുദ്ധിമുട്ടുകളെ കഴിച്ചു ആ സ്ഥലത്തു ഒരു പള്ളി വയ്ക്കുന്നതിനു വിചാരണ കഴിയുന്നതിനു ദിവാൻജിയുടെ ഉത്തരവു തഹസിൽദാർക്കു അയപ്പിച്ചു. തഹസിൽദാരു കരക്കാർക്കു് ശീട്ടു എഴുതി വരുത്തി വിചാരണ കഴിച്ചാറെ മേലെഴുതിയ പുല്ലുകരിക്കുന്നുംപുറം കുമാരനല്ലൂർ ഭഗവതിയുടെ സങ്കേതമാകകൊണ്ടു് ഊരാഴ്മക്കാർക്കു സമ്മതമില്ലായ്കയാൽ അവിടെ പള്ളി വയ്ക്കുന്നതിനു ഞങ്ങൾ അനുവദിക്കയില്ലെന്നും സങ്കടമുണ്ടെന്നും കച്ചീട്ടുവെച്ചു. ആകയാൽ ഈ കാര്യം പ്രയാസമാകയാൽ സാധിക്കയില്ലെന്നു വിചാരിച്ചു.

പിന്നീടു് അതിനു വടക്കുവശത്തു് കുടമാളൂർ ചെറിയ പള്ളിക്കു കിഴക്കു വശത്തുള്ള ഒരു കുന്നുംപുറം വാങ്ങിക്കണം എന്നു വിചാരിച്ചു അതിനു വേല ചെയ്തു. ഇരുപത്തഞ്ചു നോയമ്പിന്റെ തലേ ദിവസം തയ്യിൽ തരകൻ എന്നും, അയാളുടെ അനുജൻ കൊച്ചുപോത്തൻ മാപ്പിള എന്നും അങ്ങനെ രണ്ടു ഗൃഹസ്ഥന്മാരും ഐക്യമത്യമായി പാർത്തുവരുന്നു എന്നും അവരെ കണ്ടു് പറഞ്ഞാൽ അവരു വിചാരിച്ചു നടത്തിത്തരുമെന്നും കരുതി ആ ദിവസം കുർബാനയും ചൊല്ലി നോയമ്പോടെ തിരിച്ചു് കാര്യങ്ങൾ പറഞ്ഞറിയിച്ചാറെ അച്ചന്മാരു എങ്ങും പോകണ്ടാ എന്നും നമ്മുടെ ഈ കുന്നുംപുറം തന്നെ നന്നു് എന്നും ഇങ്ങനെ ഇതിന്റെ വിശേഷം പറഞ്ഞു്, കയററി കാട്ടിയപ്പോൾ ഇതുതന്നെ കൊള്ളാമെന്നും നിശ്ചയിച്ചു് വേല ചെയ്യുന്നതിനും പറഞ്ഞു തിര്യെ പോന്നു. മേലെഴുതിയ ഉത്തരവിൻ പ്രകാരം

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

ഏറ്റുമാനൂർ പ്രവൃത്തിയിൽ മാന്നാനം കരയിൽ ഓലം കണ്ണുമൂകറം എന്ന കാലായിൽ പള്ളിയും വീടും വയ്ക്കുന്നതിനു സമ്മതമുണ്ടെന്നു കരക്കാരെക്കൊണ്ടു ചീട്ടുവെപ്പിച്ചു, പെ. ബ. അച്ചനു അർത്തുങ്കൽ പാർത്തിട്ടു സുഖക്കേടു ആകകൊണ്ടു കുടമാളൂർ വന്നു് പാർക്കണമെന്നു നിശ്ചയിച്ചു അവിടെ വന്നു പാർത്തു. ഈ അവസരത്തിൽ ഈയിടം വെട്ടിത്തെളിച്ചു ഒരു കുരിശുപുര കെട്ടിച്ചു് ബ. മല്പാനച്ചനെക്കൊണ്ടു അനുവാദം വാങ്ങിച്ചു കുർബാന ചൊല്ലണമെന്നും ആയതല്ലാഞ്ഞാൽ അതിരമ്പുഴയിൽ വന്നു് കുർബാനയും ചൊല്ലി ഇവിടെ വന്നു പാർത്തു വേല എടുപ്പിപ്പാൻ കഴിഞ്ഞു വരുന്നതല്ലൊ എന്നും ആയതുകൊണ്ടു അച്ചൻ വന്നു ഈ വിവരം ബ. അച്ചനെ ബോധിപ്പിച്ചു അനുവാദം വാങ്ങേണ്ടതിനു വേഗത്തിൽ വരണമെന്നും എന്നോടു പറഞ്ഞയച്ചു പ്രകാരം ഞാൻ പള്ളിപ്പുറത്തു ചെന്നു പറഞ്ഞാറെ അച്ചൻ അതിനു സമ്മതിച്ചു. മെത്രാനച്ചന്റെ പക്കൽ വന്നു ബോധിപ്പിച്ചപ്പോൾ കുത്തിമറച്ചു കുർബാന ചൊല്ലിയെന്നാൽ പിന്നത്തേതിൽ ഉദാസീനതയും വെടിപ്പുകേടും ആയിതീരും, ആകയാൽ എത്രയും വേഗത്തിൽ ചെറുതായിട്ടു് ഒരു കുരിശുപുര കല്ലുകൊണ്ടു തന്നെ തീർക്കണമെന്നു കല്പിച്ചു. അപ്രകാരം നിശ്ചയിച്ചു വേലചെയ്തുതുടങ്ങുകയിൽ, ഞങ്ങളുടെ അച്ചനു ചടപ്പാക കൊണ്ടു മലയിൽ വന്നിരിപ്പാനും അതിരമ്പുഴക്കു പോയി ചൊല്ലുവാനും പാടില്ലായ്കകൊണ്ടും പള്ളിപ്പുറത്തു, മെത്രാനച്ചന്റെ കല്പനപ്രകാരം സെമിനാരി നടത്തുന്നതിനു് ആവശ്യപ്പെട്ടിരിക്കുന്നതുകൊണ്ടും അവിടേക്കു പോയി.

1831-ാം കാലം ഇടവം 11-ാംനു- പെ. ബ. അച്ചൻ വന്നു് കൊവേന്തയ്ക്കു കല്ലിടാമെന്നു് കല്പിച്ചിരുന്നു. ഈ അവധിക്കു കല്ലിടുവാനും കപ്പേളയിൽ കുർബാന ചൊല്ലുവാനും നിശ്ചയിച്ചിരിക്കുന്നു, എന്നുള്ള അറിയിപ്പു അച്ചന്റെ ശിഷ്യരും സ്നേഹിതരും ആയ പട്ടക്കാർക്കെല്ലാവർക്കും കൊടുത്തയച്ചു. എന്നാൽ ദിവസം അടുത്തുവന്നപ്പോൾ മെത്രാനച്ചനു് കൈകാൽ ഒക്കെയും ഒരുതരം വലിയ ചിരങ്ങുണ്ടായതിനാൽ കല്ലിടുന്നതിനുള്ള മനസ്സു് അല്പം തണുത്തു. ആകയാൽ പോരുക്കര അച്ചനും, അച്ചനും, പസ്സാറ പാദ്രി അച്ചനും അധികം സാദ്ധ്യപ്പെട്ടപേക്ഷിച്ചതിനാൽ ഒരു പ്രകാരം സമ്മതിച്ചു കല്ലിടുന്നതിനായി, വന്നു. പെ. ബ. മെത്രാനച്ചനു സുഖക്കേടാകയാൽ, പള്ളിപ്പുറത്തച്ചൻ കല്ലിടട്ടെ എന്നും, അച്ചനു പാടില്ലെ

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

കിൽ പോരുക്കര അച്ചൻ ആകട്ടെ എന്നും ഇങ്ങനെ അവരുടെ ഉപവിയാലും എളിമയാലും കുറെ തർക്കിച്ചു എങ്കിലും പോരുക്കര അച്ചൻ തന്നെ കല്പിടുന്നതിനു തീർച്ചപ്പെടുത്തി. ആരുടെ നാമത്തിൽ വേണമെന്നതിനാൽ മൂന്ന് അഭിപ്രായമായി. യോഹന്നാൻ മാംദാനയുടെ നാമത്തിൽ വേണമെന്നു പെ. ബ. മെത്രാനച്ചനും, ദുമ്മനീങ്കോസു പുണ്യാളൻെറ നാമത്തിൽ വേണമെന്ന് ഞങ്ങളുടെ അച്ചനും, യൌസേപ്പു പുണ്യവാളൻെറ നാമത്തിൽ വേണമെന്ന് പോരുക്കരഅച്ചനും പറഞ്ഞു. ഇതു മൂന്നും പറഞ്ഞു കഴിഞ്ഞപ്പോൾ പെ. ബ. മെത്രാനച്ചനും, ഞങ്ങളുടെ അച്ചനും പോരുക്കര അച്ചൻെറ നിശ്ചയം തന്നെ എല്ലായിലും നന്ന് എന്നുവെച്ചു പെ. ബ. മെത്രാനച്ചൻ നിന്നുകൊണ്ടു പോരുക്കര അച്ചനെക്കൊണ്ടു യൌസേപ്പു പുണ്യവാളൻെറ നാമത്തിൽ കൊവേന്തപ്പള്ളിക്കു അടിസ്ഥാനമിടുവിച്ചു. 1832-ാം കാലം, പെ. ബ. മൌറേലിയൂസ് മെത്രാനച്ചനു പകരം, പെ ബ. ഫ്രംസീസ്ക്കു ശൌര്യാർ മെത്രാനച്ചൻ വന്നു. അച്ചന്മാരും ചെന്നുകണ്ടു. ഫ്രംസിസ്ക്കോസ് ശൌര്യാർ മെത്രാനച്ചൻ, പോരുക്കര അച്ചൻ മാന്നാനം വിട്ടു കായംകുളം പിള്ളത്തോപ്പു ഇങ്ങനെ കൊല്ലം മിസ്സത്തിലുള്ള പള്ളികളിൽ വികാരിയായിട്ടു പോകണമെന്നു ഒരു കല്പന പോരുക്കര അച്ചനു അയച്ചു. ഇതിനാൽ ഈ ദേഹം മല്പാനച്ചൻെറ പക്കൽ വന്ന് ആലോചിച്ചു. എങ്കിലും മേല്പട്ടക്കാരുടെ കല്പന ദൈവത്തിൻെറ തിരുമനസ്സാകയാലും പക്ഷേ നമ്മുടെ ചൊല്ലുവിളി പരീക്ഷിപ്പാനായിട്ടു തന്നെ കല്പിച്ചതൊ എന്നും അറിവാൻ വഹിയായ്കയാലും ഞങ്ങളുടെ സങ്കടം പറയാതെ പോകണമെന്നത്രെ എനിക്കു തോന്നുന്നതെന്ന് ആ ദേഹം തന്നെ പറഞ്ഞു. അങ്ങനെതന്നെ ആകട്ടെ എന്ന് മല്പാനച്ചനും പറഞ്ഞു് ആ ദിക്കുകൾക്കു പോരുക്കർ അച്ചൻ പോയി.

അനന്തരം പെ. ബ. മെത്രാനച്ചൻ മല്പാനച്ചനോടു കല്പിച്ച കാര്യങ്ങൾ എല്ലാം എത്രയും വലിയ കീഴ്വഴക്കത്തോടുകൂടെ നിറവേറ്റുന്നതിനാലും, അപ്രകാരം തന്നെ പോരുക്കര അച്ചൻ കല്പന കേട്ടു തെക്കോട്ടു പോയി വികാരിത്വം നടത്തിയതിനാലും മെത്രാനച്ചനു വളരെ സന്തോഷവും താല്പര്യവും ആയിരുന്നു. അതിനിടയിൽ പോരുക്കര അച്ചൻ പിള്ളത്തോപ്പു മുതലായ പള്ളികളിൽ വികാരിത്വം കഴിഞ്ഞുവന്നു. ആ ദേഹം കൊല്ലത്തുനിന്നു ഒരു പണിക്കാരനെ കൊണ്ടുവന്നു. അവൻ മരപ്പണിയും കൽപ്പണിയും തിരിയുന്നവനാകയാൽ

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

പള്ളികളും പള്ളിയിൽനിന്നു വടക്കോട്ടുമുള്ള മുറികൾക്കും അടിസ്ഥാനമിട്ടു പണി തുടങ്ങി. ഇതിനിടയിൽ അച്ചനോടു പഠിക്കുന്നതിൽ അതിരമ്പുഴക്കാരു ആലഞ്ചേരി എന്നും, വലിയപറമ്പൻ എന്നും രണ്ടു ശമ്മാശ്ശന്മാരും എളപ്പംകൊണ്ടു അച്ചൻ കൂടെക്കൂടെ വന്നു താമസിക്കയാലും ഇവിടെ പാർത്തു വന്നു. ഇവിടെ അച്ചന്മാരുടെ അഭിപ്രായം രണ്ടായി. മല്പാനച്ചനു പഠിതാവും ശമ്മാശ്ശന്മാരും കൂടെവേണം. അല്ലാഞ്ഞാൽ പള്ളിക്കടുത്ത ശുശ്രൂഷ ആഘോഷമായി ചെയ്വാനും ജനങ്ങൾക്കു നമ്മുടെമേൽ താല്പര്യമുണ്ടാകുന്നതിനും കൊവേന്തസ്സുആളുകളെ കിട്ടുന്നതിനും പാടുണ്ടാകില്ല. ആകയാൽ സെമിനാരിയും പഠിതാവും ഒരു ഭാഗത്തും മറുഭാഗത്തു കൊവേന്തയും ആയിരിക്കഅത്രെ വേണ്ടതു്, അല്ലാഞ്ഞാൽ ഈ ദിക്കിലെ മുറസ്സു നടക്കുന്നതിനു പ്രയാസം. പോരൂക്കര അച്ചന്റെ അഭിപ്രായം, സെമിനാരി ആയിട്ടു പഠിപ്പിച്ചുവന്ന സ്ഥലങ്ങൾ മിക്കതും കാലദീർഘംകൊണ്ടു് നശിച്ചു വീണത്രെ കണ്ടുവരുന്നതു്. ഇവരെ ചൊവ്വെ വളർത്തിക്കൊണ്ടു പോകുന്നതിനു പ്രയാസം. കൊവേന്ത എന്ന വാക്കു വച്ചതിനാൽ ദൈവശരണമല്ലാതെ മാനുഷശരണം നോക്കുന്നതായാൽ നേരെ വിഘ്നവും ആണു്. എന്നു വരികിലും പോരൂക്കര അച്ചൻ മല്പാനച്ചന്റെ മനസ്സിനും ആഗ്രഹത്തിനും കീഴ്വഴങ്ങി. ആയതിനാൽ ഈ ശമ്മാശ്ശന്മാരും മാന്നാനത്തു തന്നെ പാർത്തു വന്നു. വടക്കോട്ടുള്ള മുറിയുടെ താഴത്തെ മുറിയിൽ ഒരു പ്രകാരം പാർപ്പാറായി. അപ്പോൾ മല്പാനച്ചനു അർശ്ശസിന്റെ ചടപ്പാൽ ക്ഷീണിച്ചും മാന്നാനത്തു വന്നാൽ അധികമായി തണുപ്പുകാററാൽ താമസിപ്പാൻ പാടില്ലാതെയും ആകയാൽ ഏററിയത്തും പള്ളിപ്പുറത്തു തന്നെ പാർത്തു. ക്രമേണ വടക്കോട്ടുള്ള മുറിയുടെ മുകളിലത്തെ തട്ടിലും പാർപ്പാറായി. ചിലരൊക്കെയും പഠിപ്പാനായി വന്നുകൂടി. ഒരു മുഴുവൻ ധ്യാനം കഴിഞ്ഞശേഷം കോവേന്തസ്സായി പഠിപ്പാൻ മനസ്സുള്ളവർ ആരാനുമുണ്ടെങ്കിൽ അറിയിക്കണമെന്നും, അവരു മുകളിൽ പാർക്കകയും മററവരു താഴത്തു പാർക്കയും വേണമെന്നും പറഞ്ഞു. ഇതിന്മേൽ ചിലർക്കു ഇഷ്ടക്കേടായി. മല്പാനച്ചന്റെ പക്കൽ, മല്പാനച്ചൻ ഇവിടെ ഇല്ലാത്ത സമയത്തിൽ പോരൂക്കര ഗുണദോഷത്താൽ ഞങ്ങളെ താഴത്തിറക്കി, ഏതാനും പേരെ മുകളിലും കേററി ഇരുത്തി എന്നും മററും സങ്കടം ബോധിപ്പിച്ചു. ഞാൻ മല്പാനച്ചന്റെ പക്കൽ ചെന്നപ്പോൾ മല്പാനച്ചൻ അങ്ങനെയെന്നും, ഇങ്ങനെയെന്നും ഒന്നും പറയാതെ സൌരമില്ലാത്ത

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



കാര്യം എന്ന പോലെയാക്കി. മററു കാര്യങ്ങൾ ഒക്കെയും പറഞ്ഞു് വേഗത്തിൽ ശേഷമുള്ള പണികൾ ഒക്കെയും തീൎത്തു. ആ വടക്കേക്കോട്ടുള്ളത്തു് എല്ലാം തട്ടുമിട്ടു ഓടുമിടുവാൻ ഇടയായി എങ്കിൽ കൊള്ളായിരുന്നു എന്നും, ആയതിനു വക എന്തെന്നും ആലോചിച്ചു പോരികയും ചെയ്തു.

ഇപ്പോൾ തടികൾ ഇവിടെ വിലക്കൂടുതലാകയാൽ ധൎമ്മം വാങ്ങിക്കുന്നതിനും, തടി വാങ്ങിക്കുന്നതിനുമായി ആരക്കുഴ, മയിലക്കൊമ്പ്, കാരക്കുന്നം, കോതമംഗലം മുതലായ സ്ഥലങ്ങളിൽ ചുററി തടികൾ വെട്ടി എററിപ്പിച്ചു പടങ്ങുമ്മേൽ വെപ്പിച്ചു വർഷം തുടങ്ങുമ്പോൾ ഇറക്കത്തക്കവണ്ണം ചട്ടംകെട്ടി പോന്നു. പിന്നെ യാക്കൊബെ വ്ട്ടു അന്വേഷിപ്പിച്ചും വീണ്ടും തടികൾ ചട്ടംകെട്ടിച്ചുമിരുന്നു. അച്ചനു ദീനം കൂടുതലാകയാൽ ഞാൻ ഇവിടെയും പള്ളിപ്പുറത്തുമായി താമസിച്ചു വരികയിൽ, 1841-ാം കാലം മകരം 16-ാംനു- ശനിയാഴ്ച അതായതു വെള്ളിയാഴ്ച പതിരാ കഴിഞ്ഞു ഞങ്ങളുടെ മല്പാനച്ചനും സഭയുടെ സ്ഥാപകനുമായ പള്ളിപ്പുറത്തു പാലയ്ക്കൽ തോമ്മാച്ചൻ മരിച്ചു. 41-വരെ ദിവസേന അവിടെ റാസ ചൊല്ലി. പിന്നെയും ഇരുപത്തെട്ടുതോറും ചൊല്ലി. അവരവരു പാൎക്കുന്ന ഇടങ്ങളിൽ തിങ്കളാഴ്ചതോറും ഓരോ റാസയും, 365 കുർബാനയും ചൊല്ലുവാൻ നിശ്ചയിച്ചു. ഈരണ്ടു റാസയും പതിമൂന്നു കുർബാനയും ഓരോരുത്തരു ഏററു നിറവേററി.

നാല്പത്തൊന്നു, ശിഷ്യരുടെ പേൎക്കു കഴിച്ചു. ആയതിനു പട്ടക്കാരുടെ പേൎക്കു 120 ചക്രവും ശെമ്മാശ്ശന്മാരുടെ പേൎക്കു 60 ചക്രവും വീതം എടുത്തു. ഇതുകൊണ്ടു് നാല്പത്തൊന്നും കഴിച്ചു് മൂവായിരം ചക്രം കുർബാനയും ധർമ്മവും വകയ്ക്കു കൊവേന്തയിൽ ഇട്ടിരുന്നു. കവറടക്കത്തിനു പള്ളിപ്പുറം, മുട്ടം, വെച്ചൂർ, തത്തംപള്ളി, ആലപ്പുഴ, ചേന്നങ്കരി, 'ചമ്പക്കുളം, എടത്വാ ഇങ്ങനെ എട്ടു ദർശനക്കാരും അവരുടെ കുരിശു മുതലായ കോപ്പുകളും തയിക്കാട്ടുശ്ശേരി, ചെമ്പു്, പറവൂർ, കടത്തുരുത്തി, മുട്ടുചിറ, കടമാളൂർ ഇങ്ങനെയുള്ള ഇടവക അവരുടെ കോപ്പുകളും കൊണ്ടു വന്നു. അന്നത്തെ പെട്ടകം, മെഴുകുതിരി, പള്ളിക്കാരുടെ ചെലവു് മുതലായതൊക്കെയും പഴെകടവിലച്ചനും, മുട്ടത്തുകാരൻ യോഹന്നാൻ കത്തനാരച്ചനും കൂടെ ചിലവിട്ടു. മുട്ടത്തുകാരൻ യോഹന്നാൻ കത്തനാരച്ചൻ പ്രത്യേകം ഉത്സാഹവും, താല്പൎയ്യവും വെച്ചതിനാൽ ഒന്നിനും കുറവുകൂടാതെ എല്ലാം ശുഭമായി പൎയ്യവസാനിച്ചു.

www.TheCMSIndia.org

# പള്ളിപ്പുറം ഇടവകപ്പള്ളി

—വറുഗീസ് കാഞ്ഞിരത്തുങ്കൽ

പൗരാണിക പ്രാമാണ്യംകൊണ്ടും സംപൂജ്യമായ ചരിത്രപാരമ്പര്യം നിമിത്തവും പ്രാചീന ശില്പകലാസംവിധാനവൈചിത്ര്യം മൂലവും ഭാരതീയ ക്രൈസ്തവദേവാലയങ്ങളിൽ പ്രാമുഖ്യമർഹിക്കുന്ന ഒരു മരിയൻ തീർത്ഥാലയമാണ് തെക്കൻ പള്ളിപ്പുറം ഫൊ: പള്ളി. ക്രിസ്ത്വാബ്ദം ഒന്നാം ശതകത്തിൽതന്നെ ഈ ദേവാലയത്തിന്റെ പ്രാഗ്‌രൂപം സ്ഥാപിതമായിയെന്നാണ് പാരമ്പര്യവിശ്വാസം. മാർത്തോമ്മാശ്ലീഹാ കോക്കമംഗലത്തു സ്ഥാപിച്ചിരുന്നതെന്നു വിശ്വസിക്കപ്പെടുന്ന ഒരു പുരാതന സ്ലീവാ ഈ പള്ളിയുടെ തെക്കേ അൾത്താരയുടെ മുകളിൽ ഇപ്പോഴും സൂക്ഷിച്ചിരിക്കുന്നു. ഏതോ തടികൊണ്ടു തീർത്ത ഈ കുരിശിന്റെ കീഴററം കുറേഭാഗം, കാലപ്പഴക്കംകൊണ്ടോ എതിരാളികളുടെ കൈയേററം മൂലമോ നഷ്ടപ്പെട്ട രീതിയിലാണ് കാണപ്പെടുന്നതു്.

ഈ ദേവാലയത്തിൽ സൂക്ഷിച്ചിരിക്കുന്ന മറെറാരു സംപൂജ്യപുരാവസ്തു പരിശുദ്ധ കന്യകാമാതാവിന്റെ മനോഹരമായ ഒരു ചിത്രമാണ്. സുവിശേഷകാരനായ ചിത്രകാരനെന്നോ ചിത്രകാരനായ സുവിശേഷകനെന്നോ വിശേഷിപ്പിക്കപ്പെടുന്ന വി. ലൂക്കോസ് വരച്ചതാണ് ഈ മാതൃചിത്രമെന്ന് വിശ്വസിക്കപ്പെടുന്നു. മാതാവിന്റെ, വരച്ച ആറു ചിത്രങ്ങളും വരയ്ക്കാൻ ഒരുക്കിവെച്ച ഒരു ചിത്രപ്പലകയും ഒന്നിച്ചടുക്കിവെച്ചുകൊണ്ടു്, പോർട്ടുഗീസ് മിഷനറിമാർ കപ്പലിൽ കേരളത്തിലേയ്ക്കു തിരിച്ചുവെന്നും കൊച്ചിയിൽ കപ്പലടുത്തപ്പോൾ ചിത്രങ്ങൾ കരയ്ക്കെടുക്കവെ, വരയ്ക്കാത്ത ചിത്രപ്പലകയിലും മാതാവിന്റെ രൂപം മററു ചിത്രങ്ങളിൽനിന്നു തിരിച്ചറിയാൻ നിർവാഹമില്ലാത്തവണ്ണം ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നതായി കണ്ടുവെന്നും, സ്വയംഭൂവായ ആ അത്ഭുത ചിത്രമാണ് പള്ളിപ്പുറത്തുപള്ളിയുടെ പ്രധാന ബലിപീഠത്തിനുപരി പ്രതിഷ്ഠിച്ചിരിക്കുന്നതെന്നും ഒരു പുരാവൃത്തമുണ്ടു്. ഏതായാലും പരിശുദ്ധ കന്യകാമാതാവിന്റെ ഇത്ര ക്കുറുപാടൊത്തതും കാലത്തിന്റെ കടന്നാക്രമണം കൊണ്ടു മങ്ങലേല്ക്കാതെ സജീവത്വം നിലനിർത്തുന്നതുമായ വർണ്ണചിത്രം ഏറെയൊന്നും വേറെയില്ലെന്നാണ്

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

പറയപ്പെടുന്നതു്. ഈ ചിത്രത്തിന്റെ രചനാ ശൈലിയും വർണ്ണസംയോജന കൗശലവും ഗ്രഹിച്ച അനുഗൃഹീത ചിത്രകലാ മർമ്മജ്ഞനായ രാജാരവിവർമ്മ, ഈ ചിത്രത്തിന്റെ അപൂർവ കലാമേന്മയെ മുക്തകണ്ഠം ശ്ലാഘിക്കുകയുണ്ടായിയെന്നതും പ്രസ്താവ്യമാണു്.

പള്ളിയുടെ പ്രധാന ബലിപീഠത്തിനു താഴെ സ്ഥിതി ചെയ്യുന്ന രണ്ടു സ്മാരകകുടീരങ്ങളും പള്ളിപ്പുറം പള്ളിയുടെ ചരിത്രപ്രാധാന്യത്തിനു മാറേററുന്നവയാണു്. ജന്മംകൊണ്ടു ഭാരതീയനെന്നു പറയാവുന്ന, റാഫേൽ ഫിഗരേദോ സാംഗാദോ എന്ന പോർട്ടുഗീസ് മെത്രാന്റെ ഭൗതികാവശിഷ്ടം അടക്കംചെയ്യപ്പെട്ടിരിക്കുന്നതാണു് ഇവയിൽ ആദ്യം കാണുന്ന മൃതകുടീരം. കേരളത്തിലെ പ്രഥമ ഏതദ്ദേശീയ മെത്രാനായിരുന്ന പറമ്പിൽ ചാണ്ടി മെത്രാന്റെ (അലക്സാണ്ടർ ഡികാമ്പോ) സഹായിയും പിൻഗാമിയുമായി തിരഞ്ഞെടുക്കപ്പെട്ട ഇദ്ദേഹം ഒരു വിവാദ പുരുഷനായിട്ടാണു് കേരള സഭാ ചരിത്രത്തിൽ അറിയപ്പെടുന്നതു്.

കേരള സഭാചരിത്രത്തിലെ, ഇരുളടഞ്ഞ ഒരു കാലഘട്ടത്തിന്റെ നിശ്ശബ്ദപ്രതീകം പോലെ അവശേഷിക്കുന്ന ആ സ്മാരക കുടീരത്തിന്റെ ദക്ഷിണപാർശ്വത്തിൽതന്നെ, പുണ്യശ്ലോകനായ ഒരു കേരള സഭാതനയന്റെ—ചരിത്രത്തിന്റെ താളുകളിൽ ഒരു നവയുഗത്തിന്റെ നാന്ദികുറിക്കുന്നതിൽ മുഖ്യകാർമ്മികത്വം വഹിച്ച പള്ളിപ്പുറത്തുകാരനായ ഒരു മഹാത്മാവിന്റെ—പൂജ്യകുടീരവും സ്ഥിതിചെയ്യാനിടയായതു് ചരിത്രത്തിന്റെ തിരിച്ചടിയോ പള്ളിപ്പുറത്തിന്റെ പൂർവസുകൃത പരിപാകമോ ആയിരിക്കാം. ത്യാഗോജ്ജ്വലമായ ജീവിതചര്യകളാലും താപസോചിതമായ കർമ്മാനുഷ്ഠാനങ്ങളാലും അനന്യസാധാരണമായ പ്രതിഭാ വിലാസത്താലും അഗാധമായ വേദാന്തവ്യുല്പത്തിയാലും അതുല്യമായ വാഗ്മിത്വ വൈഭവത്താലും സൗമ്യമധുരമായ ജനരഞ്ജനാചാതുര്യത്താലും അദൃഷ്ടപൂർവമായ ക്രാന്തദർശിത്വത്താലും സർവാദരണീയമായ പ്രത്യുല്പന്നമതിത്വത്താലും, പത്തൊൻപതാം ശതകത്തിന്റെ പൂർവാർദ്ധത്തിൽ കേരളത്തിലെങ്ങും പ്രഖ്യാതനായിരുന്ന പാലയ്ക്കൽ തോമ്മാമല്പാന്റെ ആ പൂജ്യകുടീരാന്തികത്തിൽ ആദരാഞ്ജലികരം അർപ്പിച്ചുകൊണ്ടു ചരിത്രം മയങ്ങി ഉറങ്ങുന്ന ആ മഹത്വത്തിന്റെ മണ്ണിലേയ്ക്കു് നമുക്കു് ഇറങ്ങിച്ചെല്ലാം.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# വിശുദ്ധനെ വാർത്തെടുത്ത കൈകൾ

—ഫാ. ജോൺ റോമയോ പട്ടശേരി C.M.I.

കൈനകരിയിലെ കരിയിൽനിന്നും കളിപ്പിച്ചെടുത്ത അനർഘമുത്തായിരുന്നു ചാവറയച്ചൻ. ഒരുവിധത്തിൽ പറഞ്ഞാൽ ചാവറയച്ചന്റെ മാതാപിതാക്കളോടു യുദ്ധം ചെയ്തു സമ്പാദിച്ചതായിരുന്നു ചാവറയെന്ന നിധി. പത്തുവയസ്സുകാരൻ ബാലനായി തന്റെ കൂടെ പള്ളിപ്പുറത്തേയ്ക്കു പോരുമ്പോൾ താൻ കാണിച്ചുതരുന്ന നാട്ടിലേയ്ക്കു് എല്ലാം ഉപേക്ഷിച്ചുപോരുവാൻ ദൈവം പറഞ്ഞിട്ടു് അതനുസരിച്ചു് പുറപ്പെടുന്ന അബ്രാഹത്തെപ്പോലെയായിരുന്നു ചാവറ കുര്യാക്കോസ്. പക്ഷെ ഈ മുത്തിനെ വിലകൂടിയ മുത്താക്കാൻ പാലയ്ക്കലച്ചൻ തന്റെ ജീവിതകാലം മുഴുവൻതന്നെ വിനിയോഗിച്ചിരുന്നു എന്നു പറയാം.

പാലയ്ക്കൽ മല്പാനായിരുന്നു കൊച്ചു കുര്യാക്കോസ്സു് അപ്പനും അമ്മയും ജ്യേഷ്ഠനുമെല്ലാം. പ്രാർത്ഥിക്കുന്ന രീതി മുതൽ ഉന്നതമായ ദൈവവിജ്ഞാനീയംവരെ മല്പാനിൽനിന്നും കുര്യാക്കോസിനു കിട്ടിയതായിരുന്നു. തന്റെ നാളാഗമത്തിൽ അല്പം ദീർഘമായിത്തന്നെ തന്റെ ഗുരുഭൂതനെക്കുറിച്ചു് വാഴ്ത്തപ്പെട്ട ചാവറയച്ചൻ രേഖപ്പെടുത്തിയിട്ടുണ്ടു്. മല്പാനച്ചനെക്കുറിച്ചു് പറയുന്നിടത്തെല്ലാം 'ഇ:ദെ' എന്ന പൂജ്യനാമം ഉപയോഗിക്കുന്നതല്ലാതെ മല്പാനച്ചനെന്നോ ഗുരുഭൂതനെന്നോ ഒരിടത്തും ഉപയോഗിച്ചു കാണുന്നില്ല. കുര്യാക്കോസച്ചന്റെ ഉള്ളിലുണ്ടായിരുന്ന ഗുരുഭക്തിയുടേയും കടപ്പാടിന്റേയും ഉദാത്തഭാവമായിരുന്നു ഇതെന്നു നമുക്കു് അനുമാനിക്കാം. കൊച്ചുശിഷ്യനു പ്രത്യേക നിർദേശങ്ങൾ കൊടുക്കുവാനും പണ്ഡിതനായ വൈദികനായിത്തീരുന്നതിനു് എന്തെല്ലാം ചെയ്യാമോ അതെല്ലാം ചെയ്തുകൊടുക്കുവാനും മല്പാനച്ചൻ തയ്യാറാകുന്നു. പുസ്തകങ്ങളുടെ ശേഖരമുള്ള നല്ല ലൈബ്രറിയും അതുപയോഗിക്കേണ്ട വിധവും ശിഷ്യനു പറഞ്ഞുകൊടുക്കുന്നു. മല്പാനച്ചൻ എവിടെയെങ്കിലും യാത്രയ്ക്കു പോകുകയോ അരമനയിൽ ആലോചന കൊടുക്കുവാൻ പോകുകയോ ചെയ്യുമ്പോൾ പകരം ക്ലാസ്സെടുക്കുന്നതു് ചാവറ അച്ചനാ

www.TheCMSIndia.org

യിരുന്നു. അബ്രാഹം മല്പാൻ തോമ്മാച്ചനെ തന്റെ പിൻഗാമിയായി മനസ്സിൽ കണ്ടതുപോലെ പാലയ്ക്കൽ മല്പാനച്ചനും തന്റെ വിശ്വസ്ത പിൻഗാമിയായി മനസ്സിൽ കണ്ടിരുന്നതു് ചാവറ കുര്യാക്കോസച്ചനെയായിരുന്നു.

തന്റെ അരുമ ശിഷ്യൻ യാതൊന്നിലും പിന്നോക്കമാകരുതെന്നു് പാലയ്ക്കൽ മല്പാനു് നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ടാണു് ലത്തീൻ പഠിക്കാൻ വരാപ്പുഴ സെമിനാരിയിലയച്ചതു്. മിലേസ്യമെത്രാനോടും മററും അനുവാദം വാങ്ങിയിട്ടു് അയച്ചതായിരുന്നെങ്കിലും അന്നത്തെ രീത്തുചരടുവലിയിൽ ഇതു സംഭവിച്ചില്ല. ശിഷ്യർക്കു് മനഃപ്രയാസം വരാതിരിക്കാൻ രണ്ടാഴ്ചയോളം അവിടെ പ്രത്യേകം ഒരു മുറിയിൽ താമസിപ്പിച്ചിരുന്നു. ആദ്യത്തെ ദിവസം ക്ലാസിൽ കയററിയില്ലെങ്കിലും പിന്നീടെല്ലാം നേരെയാകുമെന്നാണു് അവർക്കു കൊടുത്തിരുന്ന പ്രതീക്ഷ. എന്നാൽ പാലയ്ക്കൽ മല്പാൻ തന്റെ അരുമശിഷ്യനു് ലത്തീൻ പഠനം നല്കുകതന്നെ ചെയ്തു. കുറെ പഠനം സിദ്ധിച്ചപ്പോൾ ബുദ്ധിമാനായ ചാവറ സ്വയമായി ലത്തീൻ പഠനം പൂർത്തിയാക്കി. അങ്ങനെ ചാവറ പട്ടമേൽക്കുന്നതിനുമുമ്പു തന്നെ ഒരു ബഹുഭാഷാപണ്ഡിതനായിത്തീർന്നു.

പാലയ്ക്കലച്ചന്റേയും ചാവറ ശമ്മാശ്ശന്റേയും സഹജീവിതത്തെക്കുറിച്ചു് വിലയിരുത്തുന്ന ഒരാൾക്കു് നിഷ്പ്രയാസം മനസ്സിലാക്കാൻ സാധിക്കും ചാവറ വിശുദ്ധിയിലേയ്ക്കു് അതിവേഗം പറന്നുയർന്നതു് തന്റെ ഗുരുവിന്റെ നല്ല മാതൃകമൂലമാണെന്നു്. വി. കുർബാനയോടുള്ള ഭക്തി, മാതാവിനോടുള്ള ഭക്തി, ഭക്താനുഷ്ഠാനങ്ങളും മററും കൃത്യമായി നിർവഹിക്കുന്നതിനുള്ള താല്പര്യം ഇവയെല്ലാം പാലയ്ക്കലച്ചനിൽനിന്നും കിട്ടിയ പിതൃസ്വത്തായിരുന്നു. അതുപോലെ് പള്ളിപ്രസംഗങ്ങൾ പറയുക, അല്മായക്കു് നേതൃത്വം കൊടുക്കുക ഇവയെല്ലാം ഗുരുവിൽനിന്നും സൂക്ഷ്മദൃക്കായ ശിഷ്യൻ കണ്ടെത്തിയ നല്ല ശീലങ്ങളായിരുന്നു.

കുർബാന പട്ടത്തിനൊരുക്കി വരാപ്പുഴയ്ക്കു് അയച്ചപ്പോൾ, അവിടെ എതിർപ്പുകളുടെ നീർച്ചുഴിയിൽ മെത്രാൻ മുങ്ങിത്താഴുന്ന ഒരു സ്ഥിതിവിശേഷമായിരുന്നു. പട്ടാർത്ഥികളെ അവിടെ നിർത്തിയിട്ടു് വിദേശത്തേയ്ക്കു പോകാനൊരുങ്ങുന്ന മെത്രാനച്ചനെ ധൈര്യപ്പെടുത്തുകയും പൊതുജനങ്ങളുടെയും മററും പിൻ

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ബലം പ്രഖ്യാപിക്കുന്ന രണ്ടു മൂന്നു മെമ്മോറാണ്ടങ്ങൾ നൽകി മെത്രാനച്ചനു് ആത്മവിശ്വാസം പകരുകയും ചെയ്തു. വരാപ്പുഴയിൽനിന്നും സുരക്ഷിതമായി മെത്രാനച്ചനെ അർത്തുങ്കൽ പള്ളിയിൽ കൊണ്ടുവന്നു താമസിപ്പിക്കുകയും ഏതാണ്ടൊക്കെയൊന്നു മനസ്സു ശാന്തമായപ്പോൾ പട്ടം ഏല്ക്കാനുള്ള ചാവറയച്ചനേയും മററും അർത്തുങ്കൽ എത്തിക്കുകയും ചെയ്തു തങ്ങളുടെ പുരോഹിതപട്ടത്തിനുവേണ്ടി – മല്പാനച്ചൻ സഹിക്കുന്ന ക്ലേശങ്ങൾ ക്രാന്തദർശിയായ ചാവറയിൽ വലുതായ ചലനം സൃഷ്ടിച്ചു. പ്രിയ ശിഷ്യൻ പട്ടമേൽക്കുമ്പോഴും പുത്തൻ കുർബാന ചൊല്ലുമ്പോഴുമെല്ലാം സന്തോഷാശ്രുക്കൾ പൊഴിക്കുന്ന ഗുരുവിൻെറ നേരെ കൂപ്പുകൈകളോടെയല്ലാതെ ചാവറയ്ക്കും മററും സമീപിക്കാൻ കഴിഞ്ഞില്ല.

പുത്തൻ കുർബാനയ്ക്കു സ്വന്തനാട്ടിൽ പോയ ശിഷ്യൻെറ താമസിയാതെയുള്ള തിരിച്ചുവരവു് പ്രതീക്ഷിച്ചിരുന്ന പാലയ്ക്കൽ മല്പാനു് ചെറിയ ഒരു നിരാശവരുത്തിക്കൊണ്ടു് ഒരു മാസത്തോളം ജ്ഞാനധ്യാനവും മററുമായി പുളിങ്കുന്നിൽ ചുററിത്തിരിഞ്ഞപ്പോഴെല്ലാം ഈ ചെയ്യുന്നതെല്ലാം മല്പാനച്ചൻെറ അനുവാദത്തോടെയല്ലല്ലോ, എന്ന 'മനക്കടി' ചാവറ കുര്യാക്കോസച്ചനു് ഉണ്ടായതായി അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. സാമാന്യ ഗതിയിൽ പട്ടമേററു കഴിയുമ്പോൾ മല്പാനും സെമിനാരിയുമായുള്ള ബന്ധമെല്ലാം തീരുമായിരുന്നു. ഇവിടെ കുരിയാക്കോസ് ഏലിയാസച്ചൻെറ കാര്യത്തിൽ ഏതോ ഒരു കാര്യത്തിനു് അനുവാദം കൊടുത്തു് അയച്ചതുപോലെയും അതു കഴിഞ്ഞിട്ടു് മടങ്ങി വരാൻ താമസിക്കുന്നതുപോലെയുമുള്ള ഒരു മാനസികാവസ്ഥയാണു് ഗുരുവും ശിഷ്യനും കാണിക്കുന്നതു്. ചാവറയച്ചൻ തന്നെ തൻെറ നാളാഗമത്തിൽ ഒരു മാസം കഴിഞ്ഞു് പള്ളിപ്പുറത്തു മടങ്ങി എത്തിയപ്പോൾ, 'ഇത്രയും താമസിച്ചതു ഭംഗിയായില്ല എന്ന മുഖ:ഭാവംഅ. ദേ. ഉണ്ടായി' എന്നു എഴുതിയിരിക്കുന്നു. ഇങ്ങനെ എല്ലാംകൊണ്ടും നോക്കുമ്പോൾ, ശിഷ്യനു് ഗുരുവിനോടുള്ള പിതൃസഹജമായ ഭക്തിയും ബഹുമാനവും–ഗുരുവിനു് ശിഷ്യനോടുള്ള പുത്രസഹജമായ വാത്സല്യവും സ്നേഹവും എല്ലാം ഒത്തിണങ്ങിയ ഒരു മൈത്രീബന്ധമായിരുന്നു ഇവരുടേതു്.

ചാവറയച്ചൻ തൻെറ ഗുരുവിനെക്കുറിച്ചു് നന്ദിയോടും കടപ്പാടോടുംകൂടെ ഓർക്കുന്നതു് ഇവിടെ രേഖപ്പെടുത്തട്ടെ.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



‘‘പൈതൽപ്രായംമുതൽ ആത്മത്തിനടുത്തതും ശരീരത്തിനടുത്ത തുമായ രണ്ടു സംഗതികളിലും അദ്ദേഹം തന്നെ അന്വേഷിച്ചു നടത്തി. പഠിപ്പിച്ചു വളർത്തി. (ചാവറയച്ചന്റെ വൈദിക വിദ്യാഭ്യാസത്തിന്റെ ചിലവു മുഴവൻ വഹിച്ചതു പാലയ്ക്കൽ മല്പാനച്ചനായിരുന്നു ) ആ ദേഹത്തിന്റെ മരണംവരേയും മാംസ ത്തിനടുത്ത സമ്മന്തക്കാരിലും അത്രപിക്കടുത്ത മക്കളായ ശിഷ്യ രിലും അധികമായിട്ടുള്ള താല്പര്യവും എന്റെമേൽ വച്ചു. ആ ദേഹത്തിന്റെ സമ്പത്തിനവകാശി എന്ന പോലെ താൻ താൽ പര്യംവച്ചു സ്നേഹിച്ചുവന്ന സമ്പത്തായ ഈ കൊവേന്തയുടെ വേലയ്ക്കും എന്നെ ചുമതലപ്പെടുത്തി.’’ (P. 59)

ഗുരുവിന്റെ തൃച്ചേവടികളെ പിൻതുടൎന്നു്, ഗുരുമുഖത്തു നിന്നും പഠിച്ചു്, ഗുരുവിനെ അനുകരിച്ചു ജീവിച്ചു് വിശുദ്ധി യിലേയ്ക്കുയർന്ന ചാവറ കുരിയാക്കോസച്ചനെയാണു നാം കാണുക. അതെ, വിശുദ്ധനെ വാർത്തെടുത്ത മനോഹരവും സംപൂജ്യവുമായ കൈകൾ.

## സ്ഥാപകരിൽ പ്രമുഖൻ

പാലയ്ക്കൽ മല്പാനച്ചന്റെ ബഹുമുഖമായ പ്രവർത്തന ങ്ങൾക്കു് മകുടമണിയിക്കുന്നതു് സി. എം. ഐ. സഭയുടെ സ്ഥാപനത്തിനുവേണ്ടിയുള്ള അദ്ദേഹത്തിന്റെ ഉൾക്കാഴ്ചയും മുൻനോട്ടവും പ്രാരംഭപ്രവത്തനവുമായിരുന്നു. ഇന്നു സഭയിൽ പോലും പലരും, സഭാസ്ഥാപനത്തിന്റെ ഈററുനോവിൽ ജീവിതം സമപ്പിച്ച പാലയ്ക്കൽ മല്പാനച്ചനുള്ള പങ്കിനെക്കുറിച്ചു് വേണ്ടത്ര അറിവില്ലാത്തവരോ ഒട്ടും അറിവില്ലാത്തവരോ ആണു്.

ആർക്കാണു് സഭാസ്ഥാപകരിൽ ആദ്യമായി ഒരു സന്യാസസഭയെക്കുറിച്ചു് ദശ്നം കിട്ടിയതു്. ആരെയാണു പരിശുദ്ധാത്മാവു് അതിനായുള്ള charism - കൊടുത്തു ഉത്തേജിപ്പിച്ചതു് – തീച്ചയായും പാലയ്ക്കൽ മല്പാനച്ചനെത്തന്നെയാണെന്നു സഭയുടെ ആരംഭചരിത്രത്തിൽനിന്നും മനസ്സിലാക്കാവുന്നതാണു്.

### സഭാ സ്ഥാപന ദർശനം

യൂറോപ്പിലും മററും സന്യാസസഭകളായിരുന്നു വലിയ വലിയ സെമിനാരികൾ നടത്തിക്കൊണ്ടു പോന്നിരുന്നതു്.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഉദാ: ഡൊമിനിക്കൻ സഭ. പാലയ്ക്കലച്ചന്റെ വീക്ഷണത്തിൽ അന്നു കേരളസഭയ്ക്കു വേണ്ടതു് വിജ്ഞാനികളായ വൈദികരെയായിരുന്നു. ഇവരെ വാർത്തെടുക്കാൻ നല്ല നിലയിലുള്ള സെമിനാരി വേണം. അതുപോലെ തന്നെ, ദൈവജനത്തെ മന്ദജീവിതത്തിൽനിന്നും തട്ടിയുണർത്തുന്നതിനും അവർക്കു ദൈവവിജ്ഞാനീയവും ബൈബിൾ ഭാഷ്യവും നൽകുന്നതിനും ഒന്നാംതരം സഭാപ്രസംഗകരെയും അന്നു് കേരളസഭയ്ക്കു് ആവശ്യമായിരുന്നു. ഇതു രണ്ടിനും ഒരു സന്യാസസഭ കേരളമണ്ണിൽ കേരള മക്കളുടേതായിട്ടു് രൂപംകൊള്ളേണ്ടതു് കാലത്തിന്റെ ഏറ്റം വലിയ ആവശ്യമാണെന്നു് മല്പാനച്ചനു ബോദ്ധ്യമുണ്ടായിരുന്നു. യൂറോപ്പിലെ വി. ദൊമിനിക്കോസിന്റെ സഭയുടെ ഒരു കേരള പതിപ്പായിരുന്നു കഥാനായകന്റെ മനസ്സിലുണ്ടായിരുന്ന സന്യാസദർശനം.

## സഭാസ്ഥാപന സിദ്ധി

തന്റെ അരുമ ശിഷ്യരോടുകൂടി പ്രാർത്ഥനയിലും കുറെയൊക്കെ തപസ്സിലും പഠനത്തിലും കാലം കഴിച്ചിരുന്ന ഈ സിദ്ധനിൽ തന്റെ അരുമയായ ദർശനം സാധിതമാകാനുള്ള ദൈവാനുഗ്രഹസിദ്ധി ദൈവാരൂപിതന്നെ ചിന്തിയിരുന്നു. മല്പാനച്ചൻ ശിഷ്യരോടു് തന്റെ ഈ ആഗ്രഹം പറയുകയും നിരവധി പ്രാവശ്യം അവരെക്കൊണ്ടു പ്രാർത്ഥിപ്പിക്കുകയും ചെയ്തിരുന്നു. ഇതിന്റെ തെളിവാണു വത്സല ശിഷ്യനായ കുര്യാക്കോസ് കൊച്ചച്ചന്റെ പ്രഥമ ബലിയിലെ പ്രാർത്ഥന. നവപൂജയിൽ പ്രാർത്ഥിക്കുന്നതെല്ലാം ദൈവം സാധിച്ചുകൊടുക്കുമെന്ന വിശ്വാസമാണു് ഈ കാര്യം (സന്യാസസഭാസ്ഥാപനമെന്ന കാര്യം) സാധിച്ചുകൊടുക്കണമേ എന്ന പ്രാർത്ഥന. അതു തന്നെ സ്പർശിക്കുന്നതിനേക്കാൾ തന്റെ ഗുരുവിന്റെ ഏറ്റം വലിയ ആഗ്രഹമാണു് എന്ന രീതിയിലാണു് ചാവറയച്ചൻ പ്രഥമ ബലിയിൽ പ്രാർത്ഥിക്കുന്നതു്. ''ഈ സ്ഥലവും വേലയും നടന്നു നിറവേറുവാനുള്ള ദൈവാനുകൂലം ഉണ്ടാകണം'' (P. 65).

ഇങ്ങനെ പാലയ്ക്കൽ മല്പാനച്ചനു സന്ന്യാസസഭയെക്കുറിച്ചു് നിയതമായ ഒരു ദർശനവും അതു നടപ്പിലാക്കാനുള്ള സിദ്ധിയും കിട്ടുന്നു. ഈ ദർശനവും സിദ്ധിയും വച്ചുകൊണ്ടു് ഉത്തമ മിത്രമായ പോരൂക്കര തോമ്മാച്ചന്റെ അഭിപ്രായമറിയുവാൻ പാലയ്ക്കലച്ചൻ പരിശ്രമിക്കുകയാണു്.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## താപസ ഭവനം (ദൎശനവീടു്)

ലോകത്തിൽ ജീവിച്ചാൽ–ലോകരോടൊത്തു ജീവിച്ചാൽ–പുണ്യപ്പെടുക അസാദ്ധ്യമെന്നും, കേരളസഭയിൽ വിശുദ്ധരുണ്ടാകണമെങ്കിൽ നിരന്തരം പ്രാൎത്ഥനയിൽ ചിലവിടുന്ന താപസഭവനങ്ങൾ വേണമെന്നുമുള്ള ആശയം പോരുക്കരെയ്ക്കുണ്ടായിരുന്നതായി കാണുന്നു. ആയിടയ്ക്കു കർമ്മലമാതാവിൻെറ അല്മായ ക്കുള്ള കോഗ്രഗീസ്യ എന്ന കർമ്മലമാതാവിൻെറ ദർശനസമൂഹം സുറിയാനി പള്ളികളിൽക്കൂടി പ്രചരിക്കുവാൻ പാലയ്ക്കൽ അച്ചൻ പരിശ്രമിച്ചുകൊണ്ടിരിക്കയായിരുന്നു. ഈ സമൂഹത്തിൻെറ ഒരു ഉന്നതമായ സമിതി അല്ലെങ്കിൽ ദൎശനസമൂഹമായിരുന്നു പട്ടക്കാൎക്കുവേണ്ടിയുള്ള ദൎശനസമൂഹം. ഇതിനൊരു ദൎശനഭവനം വേണം. അല്ലെങ്കിൽ താപസഭവനം വേണം. ഇങ്ങനെ പാലയ്ക്കലച്ചനും പോരുക്കരയച്ചനും ദീർഘനാൾ ഇതിനെക്കുറിച്ചു ചർച്ച ചെയ്യുന്നു. പോരുക്കര, അർത്തുങ്കൽനിന്നും നിരവധി പ്രാവശ്യം ഇതിനായി പള്ളിപ്പുറത്തു് വന്നിട്ടുണ്ടു്. ശക്തമായ ആലോചനയും പ്ലാനിംഗും അഴിച്ചുപണിയലും എല്ലാം നടന്നിട്ടുണ്ടു്. ഇതു പട്ടമേൽക്കാനൊരുങ്ങുന്ന ചാവറ ശെമ്മാശ്ശൻ കണ്ടും കേട്ടും വരികയായിരുന്നു. അതു കൊണ്ടാണു് അദ്ദേഹം തൻെറ പുത്തൻകർബാനയിൽ ഈ നിയോഗത്തിനുവേണ്ടി പ്രാൎത്ഥിക്കുന്നതു്.

ദർശനവീടു് അല്ലെങ്കിൽ താപസഭവനം തുടങ്ങണം എന്ന ആശയവുമായിട്ടാണു് സ്തബിലീനി മെത്രാനച്ചനെ അനുവാദത്തിനായിട്ടു് സമീപിക്കുന്നതു്. ഒരു ദിവസം തോമ്മാച്ചന്മാരു രണ്ടുപേരുംകൂടി ആലോചിച്ചു് നമ്മൾ മുൻപറഞ്ഞ കാൎയ്യം പെ. ബ. മെത്രാനച്ചനോടു് ബോധിപ്പിച്ചുകൊണ്ടു് പോകണമെന്നും പറഞ്ഞു് ഒരു ദിവസം ഉല്ലാസസമയത്തു പറഞ്ഞു. ''ഞങ്ങൾ രണ്ടുപേരും വാച്ചടത്തും ഒതുങ്ങിപാൎക്കണമെന്നു നിരൂപിച്ചിട്ടുണ്ടെന്നും ആയതിനാൽ ഞങ്ങൾക്കു് അനുവാദം തരണമെന്നും, ഇവിടെ നില്പാൻ വേറിട്ടൊരാൾ ഞങ്ങൾ തന്നെ ഉണ്ടാക്കിതരാമെന്നും പറഞ്ഞു. അപ്പോൾ ബ. മെത്രാനച്ചൻ കല്പിച്ചു. അല്പം വല്ലതും തിരിയുന്ന നിങ്ങൾ ഒന്നുരണ്ടു പേരുള്ളതു മിണ്ടടക്കമായി വാച്ചിടത്തും ഒതുങ്ങി പാൎത്താൽ പിന്നെ ലോകരെ പഠിപ്പിപ്പാൻ ആരെന്നും അങ്ങനെ നിങ്ങൾക്കു മനസ്സുണ്ടെങ്കിൽ ഒരു കൊവേന്ത വെപ്പിൻ എന്നാൽ എല്ലാവൎക്കും ഉപകാരമുണ്ടല്ലോ എന്നു കല്പിക്കുകയും. അപ്പോൾ അവർ പറഞ്ഞു.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



അതു കഴിയുന്ന കാൎയ്യമോ? ഇവിടെ ആരു സഹായിക്കും? രാജാക്കൾ ചെയ്യുവാനുള്ള കാൎയ്യമല്ലയോ, ഇവിടെ മാൎഗ്ഗരാജാവായിരുന്നെങ്കിൽ കഴിഞ്ഞേനെ. അപ്പോൾ പെ. ബ. മെത്രാനച്ചൻ കല്പിച്ചു. മനസ്സായിട്ടു ഉത്സാഹിച്ചു പുറപ്പെട്ടാൽ നടക്കും. അതെന്ത്യേ ക്രിസ്ത്യാനികൾ വളരെയുണ്ടല്ലോ അവരോടു ധൎമ്മം വാങ്ങിച്ചാൽ മതിയല്ലോ എന്നു് പറഞ്ഞു അന്നു പരിഞ്ഞു. (നാളാഗമം A. P. 6-7)

മുകളിൽ പറഞ്ഞിരിക്കുന്നതിൽനിന്നും അനുമാനിക്കാവുന്ന ചില കാൎയ്യങ്ങൾ വൈദികരെ പഠിപ്പിക്കണമെന്നും ജനങ്ങൾക്കു പഠാൎത്ഥ നല്കണമെന്നും അതിനായി ഒരു സഭ സ്ഥാപിക്കണമെന്നുമുള്ള പാലയ്ക്കലച്ചന്റെ ദർശനം—ആഗ്രഹം—പോരൂക്കരെ താപസഭവനമാക്കി മാററുന്നു. അതു ദൈവത്തിന്റെ സഭയുടെ പ്രതിനിധി—മെത്രാനച്ചൻ—വാച്ചടത്തും ഒതുങ്ങിപാൎക്കാതെ ലോകരെ പഠിപ്പിക്കാൻ കോവേന്ത വയ്ക്കുക എന്ന ആശയമാക്കി വീണ്ടും തിരുത്തുന്നു. അങ്ങനെ പാലയ്ക്കൽ മല്പാന്റെ പഴേ ആശയത്തിലേയ്ക്കു വീണ്ടും തിരിച്ചുവരുന്നു. പോരൂക്കരെയും പാലയ്ക്കലുംകൂടി ഒന്നിച്ചു് ആലോചിച്ചു് 'ക്രിസ്ത്യാനികൾ സഹായിക്കും' എന്ന മെത്രാനച്ചന്റെ അഭിപ്രായം നിവൎത്തിക്കാനായി തീരുമാനിക്കുകയും, ഒരു ധൎമ്മക്കടലാസിനായി മെത്രാനച്ചനെ വീണ്ടും സമീപിക്കാനായി തീരുമാനിക്കുകയും ചെയ്യുന്നു.

ധൎമ്മക്കടലാസ് കൊടുക്കുന്നതോടുകൂടി 200 രൂപയും കൊടുക്കുന്നുണ്ടു്. അതിലും ''ഈ കടലാസ് ഏല്പിച്ചിരിക്കുന്ന പാലയ്ക്കൽ തോമ്മാ കത്തനാരുടേയും പോരൂക്കര തോമ്മാ കത്തനാരുടേയും കയ്യിൽ കൊടുത്ത രൂപാ'' എന്നും അതിനടിയിൽ കുറിക്കുന്നു. അങ്ങിനെ പാലയ്ക്കൽ തോമ്മാ കത്തനാരാണു് സഭയുടെ സ്ഥാപകരിൽ പ്രമുഖനായി ആരംഭംമുതൽ കാണുന്നതു്. മെത്രാനച്ചന്റെ സെക്രട്ടറിയായിട്ടും ആലോചനക്കാരനായിട്ടും സെമിനാരി മല്പാനായിട്ടും വിരാജിക്കുന്ന പാലയ്ക്കൽ മല്പാനല്ലാതെ സഭയുടെ തുടക്കത്തിനായി മുന്നോട്ടുവരാൻ അന്നു സുറിയാനി വൈദികരിൽ പ്രമുഖരായ വേറെ ആരും ഇല്ലായിരുന്നു. പോരൂക്കരയെ സെക്രട്ടറിയാക്കുന്നതുതന്നെ പാലയ്ക്കലച്ചന്റെ നിർദേശപ്രകാരവും തനിക്കു പകരമായിട്ടുമാണു്. പോരൂക്കരയും ചാവറയും മല്പാന്മാർ ആകുന്നതും വളരെ നാളുകൾക്കുശേഷം പാലയ്ക്കലച്ചൻ മരിച്ചുകഴിഞ്ഞു് ആയിരുന്നു. (1844-ൽ)

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



പണം പിരിവിനായി ധർമ്മക്കടലാസുംകൊണ്ടു് ആദ്യം കുട്ടനാട്ടുപ്രദേശത്തേയ്ക്കായിരുന്നു പോയതു്. നല്ല സുഖമില്ലെങ്കിലും പാലയ്ക്കലച്ചനും കൂടെപ്പോയി. ഇവരുടെ കയ്യിൽ കൊടുത്ത രൂപാ എന്നാണു് പലരും ധർമ്മക്കടലാസിനു താഴെ എഴുതിയിരിക്കുന്നതു്.

“എന്നാൽ ഇതിനുള്ള പ്രധാനികളും വേലക്കാരും മനസ്സുകാരും ഈ അച്ചന്മാർ രണ്ടുംതന്നെ. എന്നാൽ ഈ മല്പാനച്ചന്റെ മനസ്സിനു മുഴുവൻ ചേർന്നു നടക്കണമെന്നുള്ള അഭിപ്രായത്തിൽ ചെറുപ്പംമുതൽ തുടങ്ങി നിശ്ചയിച്ചവനായ ചാവറ കുരിയാക്കോസ് എന്ന ഈ എഴുത്തുകാരനും ഈ അച്ചന്മാരുടെ ബുദ്ധിചൊല്ലിൽ അർത്ഥങ്കൽ വച്ചു് കുർബാനപ്പട്ടം ഏററപ്പോൾ മെത്രാനച്ചനോടുകൂടി ഒന്നാമത്തെ കുർബാനയിൽ ഈ സ്ഥലവും വേലയും നടന്നു നിറവേററുവാനുള്ള ദൈവാനുകൂലം ഉണ്ടാകണം എന്നുള്ള നിരൂപണയാൽത്തന്നെ ഒന്നാമത്തെ പൂജയണച്ചു” (നാളാഗമം).

വീണ്ടും താപസഭവനം (കൊവേന്തയ്ക്കുള്ള സ്ഥലം) കരുപ്പിടിപ്പിക്കുന്നതിനുള്ള പരിശ്രമമാണു്, പാലയ്ക്കൽ മല്പാനച്ചന്റെ സുഖംനോക്കി മററുള്ളവർ കാത്തിരിക്കുന്നു. ആദ്യത്തെ യാത്രയിൽ ചാവറ കുര്യാക്കോസച്ചനേയില്ല. പോയവരുടെ ലിസ്റ്റു് ഇതാണു്. ഞങ്ങളുടെ മല്പാനച്ചൻ പോരുക്കരയച്ചൻ-വാലിഭക്കാരൻ കണിയാന്ത്രയാക്കോ, പള്ളിപ്പുറത്തു കല്ലുങ്കൽ ഇട്ടിയപ്പു് ഈഴവ പരിഷയിലുള്ള ഇട്ടൻ എന്നയാളും മാത്രം. ഇവർ ആറു വഴി വള്ളത്തിൽ പോയി വെട്ടിക്കാട്ടുമുക്കും കടന്നു് മുളക്കുളത്തു ചെന്നു് മനസ്സിണങ്ങിയ സ്ഥലം കണ്ടില്ല. കടനാട്ടിപാറയും ബോധിച്ചില്ല. വഴിയിൽ കാണുന്ന കുന്നും മലയുമെല്ലാം നോക്കിക്കൊണ്ടു് ആ യാത്രാസംഘം മടങ്ങി വരുകയാണു്. മണക്ക എന്നു പറയുന്ന വെട്ടിക്കാട്ടുമുക്കിനു അടുത്തുള്ള സ്ഥലത്തു വന്നപ്പോൾ ആ കുന്നു കയറിക്കാണാൻ ആഗ്രഹിച്ചു. “അപ്പോൾ ഞങ്ങളുടെ അച്ചനു ക്ഷീണമാകയാൽ വള്ളത്തിൽത്തന്നെ കിടന്നു.”

ഇങ്ങനെ ക്ഷീണമായിട്ടും പാലയ്ക്കലച്ചനെത്തന്നെയാണു കൊവേന്തയുടെ Site കണ്ടുപിടിക്കാൻ കൊണ്ടുപോകുന്നതു. മല്പാനച്ചൻ ഇഷ്ടപ്പെട്ടാൽ മററുള്ളവർക്കും ഇഷ്ടമായി. ഇല്ലെങ്കിൽ മററു

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



ള്ളവക്കും ഇഷ്ടമല്ല എന്ന നിലപാടായിരുന്നു. പെരിയപ്പുറത്തു മാത്തൻ എന്നയാൾ അയാളുടെ കുന്നുംപുറം കൊടുക്കാം എന്നുള്ള എഴുത്തും വികാരിയുടെ എഴുത്തും കൊടുത്തയയ്ക്കുന്നതു് ഞങ്ങളുടെ അച്ചന്റെ (പാലയ്ക്കൽ മല്പാൻ) പേർക്കാണു് അതിനു മറുപടി കൊടുത്തയയ്ക്കുന്നതും പാലയ്ക്കലച്ചൻതന്നെ.

സുഖക്കേടു ഭേദമായശേഷം ഒരു പുത്തൻ കുർബാനയ്ക്കു പോയി മടങ്ങുംവഴി പോറോത്തു ഒരു സ്ഥലം കയറി കാണുന്നു. ഇവിടെ മാത്രമേ കുര്യാക്കോസച്ചനുള്ളു അതും പുത്തൻകുർബാനയ്ക്കുവേണ്ടി പോയതുകൊണ്ടായിരുന്നു.

വേദഗിരിക്കുന്നു കാണുന്നതിനു് ഞങ്ങളുടെ അച്ചനും പോരുക്കരയച്ചനും കൂടെപ്പോയി

കുടമാളൂർ പള്ളിക്കു കിഴക്കുള്ള കുന്നു (പുല്ലരിക്കുന്നു) കണ്ടു് അതു ഏകദേശം മതിയെന്നു വയ്ക്കുന്നു ഈ സ്ഥലം വാങ്ങാൻ സായിപ്പിൽ നിന്നും അനുവാദം കിട്ടാൻ പോരുക്കരയച്ചനെ പാലയ്ക്കലച്ചൻ നിയോഗിക്കുന്നു.

ഗവണ്ണർ സായിപ്പു കൊച്ചിയിൽ വന്നെന്നു കേട്ടു കൊവേന്ത സ്ഥലം വാങ്ങുന്നതിനു് അനുവാദത്തിനായി കർമ്മല മാതാവിന്റെ തിരുനാളായിട്ടും പാലയ്ക്കലച്ചൻ തന്നെ യാക്കോയേയും കൂട്ടി എറണാകുളത്തിനു പുറപ്പെടുന്നു.

ആലങ്ങാട്ടു മണ്ടപത്തുംവാതുക്കൽ ആയിരിക്കുന്ന രാജാവിനെ കണ്ടു് അനുവാദം വാങ്ങിക്കാൻ പാലയ്ക്കലച്ചൻ പോരുക്കര അച്ചനോടൊത്തു പോകുന്നു.

അവിടെനിന്നും പോരുമ്പോൾ മാന്നാനത്തിൽക്കൂടി അതിരമ്പുഴയ്ക്കു പോകുവാൻ വന്നപ്പോൾ ദൂരത്തിൽ നമ്മുടെ ബേസ്റൗമ്മയും ഇതിനു വടക്കുപടിഞ്ഞാറു കുരിയാററം എന്ന കുന്നും കണ്ടു യാക്കോ കാടുകുററി കൂടാതെ തെളിഞ്ഞു കിടക്കുന്ന കുരിയാററം കൊള്ളാമെന്നു പറഞ്ഞപ്പോൾ പാലയ്ക്കൽ അതിൽ നല്ലതും തുറസ്സും ഇതാകുന്നു (ബേസ്റൗമ്മ) എന്നും വളമുള്ള ഭൂമിയാകകൊണ്ടത്രെ കാടുപിടിച്ചു കിടക്കുന്നതു് എന്നും പറഞ്ഞു.

പാലയ്ക്കലച്ചൻ ചാവറയച്ചനെ സിമ്മാരിയേല്പിച്ചിട്ടു് അതിരമ്പുഴ, കുടമാളൂർ മുതലായ സ്ഥലങ്ങളിലുള്ള സ്ഥലങ്ങളും പ്രത്യേകിച്ചു് ബേസ്റൗമ്മായും എല്ലാം കാണുന്നതിനും

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



അനുവാദ് പത്രികകൾ ശരിയാക്കുന്നതിനുമായി ഒരു മാസത്തോളം അതിരമ്പുഴ താമസിക്കുന്നു. ''ഇങ്ങനെ നിശ്ചയിച്ചിരിക്കുമ്പോൾ ഞങ്ങളുടെ മല്പാനച്ചൻ പള്ളിപ്പുറത്തുനിന്നും പോന്നിട്ട് ഒരു മാസമാകകൊണ്ടും വസന്തദീനത്താൽ ശമ്മാശ്ശുന്മാർക്കും കിടാങ്ങൾക്കും അവിടെ പാപ്പാനുള്ളതിനു ഭയമാകകൊണ്ടും ഏതെല്ലാംപ്രകാരം വേണ്ടുവെന്നു ചോദിപ്പാനായിട്ടു ഞാൻ പള്ളിപ്പുറത്തുനിന്നും അതിരമ്പുഴ വന്നു'' (നാളാഗമം P. 18).

''ഇങ്ങനെയിരിക്കുമ്പോൾ പോരുക്കരക്കച്ചൻ പോന്നിട്ട് ഉത്തരവുകൊടുത്തോ അനുവാദം വാങ്ങിച്ചോ ഏതെല്ലാം പ്രകാരത്തിൽ ആയി എന്ന അവസ്ഥ അറിവാനായിട്ടു നോമ്പു വീടിയ ബുധനാഴ്ചനാൾ എന്നെ അച്ചൻ പറഞ്ഞയച്ചു'' (നാളാഗമം P. 20).

പനമ്പു മറവച്ചു കുരിശുപുരകെട്ടി അതിൽ കുർബാന ചൊല്ലുവാൻ അനുവാദത്തിനു് മെത്രാനച്ചനു് എഴുതുന്നു (നാളാഗമം P. 21).

''പിറേറദിവസം പുലർകാലെ കല്ലിടാറായപ്പോൾ സുഖക്കേടാൽ പെ. ബ. അച്ചനു് ഉടുപ്പാനും മററും പാടില്ലായ്കയാൽ പള്ളിപ്രത്തച്ചൻ കല്ലിടട്ടെ എന്നും അച്ചനു പാടില്ലെങ്കിൽ പോരുക്കരയച്ചൻ ആകട്ടെ എന്നും'' മെത്രാൻ പറയുന്നു (P. 24).

''പെ. ബ: അച്ചനും (മെത്രാൻ) പള്ളിപ്രത്തച്ചനും പോരുക്കരയച്ചൻെറ നിശ്ചയംതന്നെ എല്ലാത്തിനും നന്നു് എന്നുറച്ചു (P. 25).

''എന്നാൽ ഇതിനുള്ള പ്രധാനികളുടെ വേലക്കാരും പ്രധാനികളും മനസ്സുകാരും എല്ലാം ഈ അച്ചന്മാരു രണ്ടും തന്നെ. എന്നാൽ മല്പാനച്ചൻെറ മനസ്സിനു മുഴവനും ചേന്നു നടക്കണെമെന്നുള്ള അഭിപ്രായത്താൽ ചെറുപ്പം മുതൽ നിശ്ചയിച്ചു ഈ എഴുത്തുകാരൻ (P.26).

ശമ്മാശ്ശുന്മാരുടെ മുകളിലും താഴെയുമായി വേർതിരിക്കപ്പെട്ടതിലുള്ള സങ്കടഹർജി പള്ളിപ്പുറത്തുപെരുന്നാളിനു വന്നപ്പോൾ പാലയ്ക്കലച്ചൻെറ അടുക്കൽ കുടുക്കച്ചിറ അന്തോണി ശമ്മാശ്ശു കൊടുക്കുന്നു.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



''ഞാൻ പോരുവാനായിട്ടു് അച്ചൻെറ അടുക്കൽ ചെന്ന പ്പോഠം ഈ സംകടം കാണിച്ചു, അവിടെ പാർപ്പാൻ മനസ്സി ല്ലാത്തവർ ഇവിടെ പാക്കട്ടെ എന്നും സംകടം ഇയാഠം തീൎത്തു തരും എന്നും പറഞ്ഞു.''

''ശേഷമുള്ള പണികഠം തീൎത്തു് ആ വടക്കോട്ടുള്ള എല്ലാം തട്ടുംയിട്ടു. ഓടുമിടുവാൻ ഇടയായി എംകിൽ കൊള്ളാമായി രുന്നു എന്നും ആയതിനു വക എന്തെന്നും പറഞ്ഞു. വെളക്കിനും വകയില്ലാത്തതിനാൽ വെളിച്ചണ്ണ മുതലായതു വാങ്ങിക്കൊണ്ടു ഞാൻ പോരുകയും ചെയ്തു'' (പേജ് 36).

''1841-ാം കാലം മകരമാസം 16-ാം തീയതി ശനിയാഴ്ച യുടെ പിറവിയിൽ ഞങ്ങളുടെ മല്പാനും കൊവേന്തയുടെ തുട ക്കവുമായ പള്ളിപ്പുറത്തെ പാലയ്ക്കൽ തോമ്മാ മല്പാനച്ചൻ മരിച്ചു'' (പജ് 41).

വാഴ്ത്തപ്പെട്ട ചാവറയച്ചൻെറ നാളാഗമത്തിൽനിന്നും എടു ത്തതാണു് മുകളിൽ കുറിച്ചിരിക്കുന്ന ഉദ്ധരണികളെല്ലാം. സഭ യുടെ ആരംഭത്തിനുള്ള തുടക്കവും അതിൻെറ പ്രചോദനവും ആലോചനയും അനുവാദം വാങ്ങിക്കലും പണം പിരിക്കലും സ്ഥലം തെരഞ്ഞെടുക്കലും മററുള്ളവക്കു നിർദേശം കൊടുക്കലും അധികാരികളോടു് അനുവാദം വാങ്ങിക്കലും തെററുതിരുത്തലും പുതിയ നിർദേശങ്ങഠം കൊടുക്കലും എല്ലാം താൻ മരിക്കുന്ന തീയതിവരെ ചെയ്തുകൊണ്ടിരുന്ന പാലയ്ക്കൽ മല്പാനച്ചൻ തന്നെയാണു് സഭയുടെ സ്ഥാപകരിൽ പ്രമുഖൻ. ഈ പ്രമുഖ സ്ഥാനം വേറെ ആർക്കെങ്കിലും മാററിക്കൊടുക്കുകയോ മാററി പറയുകയോ ചെയ്യുക ചരിത്രത്തോടും സത്യത്തോടും നാം കാണിക്കുന്ന കടുത്ത അനീതിയായിരിക്കും.

ചാവറയച്ചനെ അഠംത്താരയുടെ വണക്കത്തിനായി പ്രതി ഷ്ഠിച്ചിരിക്കുന്ന ഈ അവസരത്തിൽ സ്ഥാപകരിൽ പ്രമുഖൻ ചാവറയച്ചൻതന്നെ എന്ന വിധത്തിൽ സംസാരിക്കുന്നവരുണ്ടു്. പോരൂക്കരയച്ചനാണെന്നും ചുരുക്കം ചിലർ വാദിക്കുന്നുണ്ടു്. പ്രായംകൊണ്ടു പാലയ്ക്കലച്ചൻ മുമ്പനായതുകൊണ്ടല്ല, പാലയ്ക്ക ലച്ചൻ സ്ഥാപകരിൽ ഒന്നാമനാണെന്നു് അന്നത്തെ മററു പിതാ ക്കന്മാർക്കുള്ള അടിയുറച്ച ബോദ്ധ്യംകൊണ്ടുതന്നെയാണു് അദ്ദേ ഹത്തിൻെറ പേരു് ആദ്യം എടുത്തുപറയുക. സഭാസ്ഥാപന

www.TheCMSIndia.org

ത്തെക്കുറിച്ചുള്ള എത്ര നീണ്ട ചർച്ചകൾ പള്ളിപ്പുറം സെമിനാരിയുടെ മുകൾത്തട്ടിൽവച്ച്—പാലയ്ക്കലച്ചന്റെ മുറിയിൽവച്ചു—നടന്നിരിക്കണം. ഇവിടെയാണു സഭയുടെ തുടക്കം. ഇവിടെയാണ് പാലയ്ക്കൽ മല്പാനച്ചന്റെ ഏററം വലിയ മഹിമ.

# പാലയ്ക്കലച്ചൻ
# ദൈവോപാസകൻ

സ്വർണ്ണത്തിനു സുഗന്ധമെന്നപോലെ വിജ്ഞാനത്തിനു വിശുദ്ധികൂടി ചേർന്നപ്പോൾ, ദൈവത്തിൽമാത്രം ശരണം വയ്ക്കുന്ന അടിയുറച്ച ഒരു ധ്യാനയോഗി ആയിത്തീർന്നു പാലയ്ക്കൽ മല്പാൻ. ആടുകൾക്കുവേണ്ടി ജീവൻ കൊടുക്കുന്ന നല്ലയിടയൻ. വീട് അടുത്തായിരുന്നിട്ടും 24 മണിക്കൂറും തന്റെ ശിഷ്യരുടെ കൂടെ കഴിയാനാഗ്രഹിച്ചവൻ! ഉന്നതരീതിയിലുള്ള നോമ്പും പ്രായശ്ചിത്തവും അനുഷ്ഠിക്കുന്ന ധ്യാനയോഗി. ഒരുപക്ഷേ, താപസഭവനത്തിനുള്ള പ്രേരണ ഈ ധ്യാനസായൂജ്യത്തിൽനിന്നും ഉരുത്തിരിഞ്ഞതല്ലേ എന്നു നമ്മൾ സംശയിക്കണം. ദൈവത്തെക്കുറിച്ചും ദൈവികകാര്യങ്ങളെക്കുറിച്ചും പുസ്തകത്തിൽനിന്നു വായിച്ചു മനസ്സിലാക്കുക എന്നതിനെക്കാൾ ബൈബിളിൽനിന്നും വായിച്ച യേശുവചനത്തെ തന്റെ ഹൃദയത്തിലും ബുദ്ധിയിലും നിറച്ച് മനനംചെയ്ത്, ദൈവികതലങ്ങളിലേയ്ക്കുയർത്തിവിട്ട് അവിടെനിന്നും ലഭിക്കുന്ന പ്രചോദനവും സിദ്ധിയും തന്റെ അരുമശിഷ്യർക്കു പ്രദാനം ചെയ്യുന്ന ദൈവിക അനുഭവമായിരുന്നു അദ്ദേഹത്തിന്റെ ക്ലാസ്സുകൾ.

## കുരിശെടുത്തു നാഥനെ അനുഗമിച്ചു

ചെറുപ്പകാലം മുതൽതന്നെ തന്റെ കുരിശെടുക്കുവാൻ സ്നേഹനാഥൻ ഈ തപോയോഗിയെ ഒരുക്കിക്കൊണ്ടുവരികയായിരുന്നു. 10 വയസ്സ് ആയിരിക്കയിൽത്തന്നെ തന്റെ പ്രിയപിതാവ് മരിച്ചു. തന്നേയും തന്റെ സഹോദരങ്ങളേയും വളർത്തി വലുതാക്കിക്കൊണ്ടു വരുവാൻ തന്റെ പ്രിയമാതാവ് സഹിക്കുന്ന ബുദ്ധിമുട്ടുകളെ സമനിലയോടുകൂടി ദൈവതിരുമനസ്സിനു കീഴ്‌വഴങ്ങി കടിച്ചു സഹിക്കുകയായിരുന്നു പാലയ്ക്കൽ മല്പാൻ. കുട്ടിക്കാലത്തിലെതന്നെ പലതും വേണ്ടെന്നുവയ്ക്കുവാനും അമ്മയ്ക്കു മനഃപ്രയാസം വരുത്താതിരിക്കാനും പരിശ്ര

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

മിച്ചു. ആഭിജാത്യവും അന്തസ്സുമുള്ള തങ്ങളുടെ കുടുംബത്തിലെ പ്രയാസങ്ങൾ മററുള്ളവരേയും ബന്ധുജനങ്ങളേയും അറിയിക്കാതെ ഈശോയോടു മാത്രം പറയുന്ന മാതാവും കുട്ടികളും !

താൻ സ്നേഹിച്ച, തന്നെ സ്നേഹിച്ച പ്രിയപ്പെട്ട മാതാവിനു് ആനന്ദമരുളാൻ തൻെറ വൈദികസ്ഥാനവും നവപൂജയും കാരണമാകും എന്നുള്ള വലിയ പ്രതീക്ഷയോടെ പുരോഹിതാഭിഷേകത്തിൻേറയും നവപൂജാർപ്പണത്തിൻേറയും നാളുകളും മണിക്കൂറുകളും എണ്ണി നീക്കിയിരുന്ന കഥാനായകനു ദൈവം കൊടുത്ത ഏററവും വലിയ കുരിശായിരുന്നു തൻെറ പ്രിയപ്പെട്ട അമ്മയുടെ മരണം; അതും പുത്തൻ കുർബാനയ്ക്കു് വളരെ അടുത്ത നാളുകളിൽ. മാനുഷികവും ലോകസംബന്ധവുമായ കാര്യങ്ങളിൽ അമിതമായി ശരണംവയ്ക്കുകയും ആശ്രയിക്കുകയും അതിൽ ആനന്ദിക്കുകയും ചെയ്യുക മിഥ്യയാണെന്നുള്ള നിത്യസത്യം വളരെ ചെറുപ്പത്തിലേതന്നെ കഥാനായകനു ദൈവം മനസ്സിലാക്കിക്കൊടുത്തിരുന്നു.

വളരെ പ്രായമാകുന്നതിനു മുൻപുതന്നെ 50 വയസ്സാകുന്ന നല്ല പ്രായത്തിൽ, പലവിധ രോഗങ്ങൾക്കും കഥാനായകൻ അടിമയാകേണ്ടിവന്നു. ''അങ്ങനെയിരിക്കെ ഞങ്ങളുടെ മല്പാനച്ചനു വാതത്തിൻെറ ദീനം വന്നു വിഷമിച്ചു കിടപ്പിലായി. ഒരു മാസത്തോളം കുർബാന ചൊല്ലാതെയും അരക്കുടു തളർന്നു പോകയാൽ കാലു് അനക്കുവാൻ വഹിയാതെയും കിടപ്പിലായിപ്പോയി'' (നാളാഗമം P. 11). എങ്കിലും തനിക്കു ദൈവം തന്ന ഈ ശാരീരിക കുരിശിനെ, വേദനയെ, മൗനമായി സഹിക്കുകയും ചേന്നങ്കരിയിൽ തൻെറ ബന്ധുജനങ്ങളെ കാണാൻ പോയിരുന്ന തൻെറ അരുമശിഷ്യനായ ചാവറയച്ചനെപ്പോലും അറിയിക്കുകയോ ആശ്വാസം തേടുകയോ ചെയ്യാതെ ദൈവ തിരുമനസ്സിനു് കീഴ്‌വഴങ്ങുകയും ചെയ്യുന്നു. 1829-ലെ കാര്യമാണു് ഇവിടെ ചാവറയച്ചൻ പകർത്തുന്നതു്. അപ്പോൾ കഥാനായകനു് 49 വയസ്സേ ഉണ്ടായിരുന്നുള്ളു. ഏതാണ്ടു് 50 വയസ്സിനു മുമ്പുതന്നെ നിരവധി രോഗങ്ങളാൽ മല്പാനച്ചൻ വേദനയനുഭവിക്കുവാൻ ആരംഭിച്ചിരുന്നു. അർശസ്സും പ്രമേഹവും വിട്ടുമാറാത്ത മററു രോഗമായിരുന്നു.

## നോമ്പും ഉപവാസവും

പാലയ്ക്കൽ മല്പാനച്ചൻെറ ഭക്ഷണരീതിയേയും നോമ്പും ഉപവാസത്തേയുംകുറിച്ചു് അരുമ ശിഷ്യനായ ചാവറയച്ചൻ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



വിവരിച്ചുതന്നെ തൻെറ നാളാഗമത്തിൽ എഴുതിയിട്ടുണ്ട്. അദ്ദേഹത്തെ നമുക്കു ശ്രവിക്കാം. “എന്നാൽ ഈ ദേഹം കുർബാന ചൊല്ലിയപ്പോൾ തുടങ്ങി (എന്നു തോന്നുന്നു) ഞങ്ങൾ പടിപ്പിപ്പാൻ ചെല്ലുമ്പോഴും അങ്ങനെതന്നെ. അതായതു് ദിവസവും ഒരുനേരമായിട്ടു് ഉച്ചസ്സുമാത്രം ചോറുണ്ണും. വൈകിട്ടു കുറെ കഞ്ഞി. കാലത്തു് ഒന്നുമില്ല. ഇങ്ങനെ ഏറിയനാൾ. എത്ര കാലമെന്നു തിട്ടമില്ല. പിന്നെ ഒരു ജ്വരം കഠിനമായിട്ടു വന്നു. അപ്പോൾ പുത്തനങ്ങാടിയിൽ ഇട്ടൂപ്പുവൈദ്യൻ ശക്തിയായി പറഞ്ഞതിനാൽ അന്നുമുതൽ കാലത്തു കഞ്ഞികുടിച്ചു തുടങ്ങി. എന്നാൽ വരാപ്പുഴ സെക്രട്ടറിയായിട്ടു പാർത്തിരുന്ന അവിടേയും ഇങ്ങനെതന്നെ ആയിരുന്നു. അവിടെവച്ചു തുടങ്ങിയോ ആയതിനുമുൻപും ഇങ്ങനെതന്നയോ എന്നു നിശ്ചയമില്ല. എന്നാൽ ഞങ്ങൾ പഠിപ്പാൻ ചെന്നപ്പോഴും ഈ ചട്ടമായിരുന്നു എന്നു തന്നെയുമല്ല വീട്ടിൽ നിന്നത്രേ ചോറുകൊണ്ടുവരുന്നതു്. എന്നാൽ മേലെഴുതിയതിൻ വണ്ണം വീട്ടിൽ ഞെരുക്കം തന്നെ. ഈ. ദെ കുർബാന ചൊല്ലുന്നതിനു കുറെ ദിവസം മുമ്പ് അമ്മയും മരിച്ചു. ഒരു ജ്യേഷ്ഠനും രണ്ടു പെങ്ങന്മാരും ഉള്ളതിൽ മൂത്ത പെങ്ങളുടെ കെട്ടിയവൻ സ്വഭാവക്കെട്ടുകാരനായി രക്ഷിക്കായ്കയാൽ ഈ പെങ്ങൾ വീട്ടിൽ വന്നു പാർത്തിരുന്നു. അവരത്രെ ചോറും കറിയും ചമച്ചു കൊടുക്കുന്നതു്. എന്നാൽ ജ്യേഷ്ഠൻ എന്നയാളും അതികം പ്രാപ്തിയില്ലാത്തയാൾ ആയിരുന്നു...ആയതിനാലുള്ള ഞെരുക്കംകൊണ്ടോ, വേണ്ട എന്നു വച്ചിട്ടോ അതായതു് ഈ.ദെ ഒരുനേരമായ ഉച്ചസ്സുള്ള ചോറു, ഒരു കറിയും മാത്രമേയുള്ളൂ ആയതും ഒരു സാധനംതന്നെ. അതായതു് ഞങ്ങൾ പടിപ്പാൻ ചെന്നപ്പോൾ ചോറും പയറു പുഴുങ്ങി നല്ല മുളകുപൊടിച്ചിട്ടു് ഉലത്തിയതും ഒരു കറിയും മോരും ചിലപ്പോൾ നിജമില്ല ഈ ചോറും ഈ കറിയും തന്നെ ഇങ്ങനെ ഏറിയനാൾ കണ്ടു. പിന്നെ ഒന്നുപകർന്നു. ഇതായതു് ഈ ചോറും അതോടുകൂടിയ ചെറിയ ചെമ്മീൻ മേൽപ്രകാരം ഉലത്തി ആയതും ഇങ്ങനെയും ഏറിയനാൾ അതായതു് മേലെഴുതിയ വൈദ്യൻെറ പ്രമാണം വരെയും, ആയതു കഴിഞ്ഞാറേയും ഈ പെങ്ങളുടെ പെരുമാററവും അവരു കൊടുത്തയയ്ക്കുന്നതുംമാത്രം അനുഭവിച്ചുപോന്നു.”

(നാളാഗമം P. 68)

ഒരു യോഗിയുടെ ഭക്ഷണക്രമമാണ് മുകളിൽ ചാവറയച്ചൻ വിവരിച്ചിരിക്കുന്നതു്. സെക്രട്ടറിയായി അരമനയിൽ യൂറോപ്യന്മാരൊത്തു കഴിഞ്ഞനാളിലും ഒരു നേരം മാത്രം അതും വളരെ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ലളിതമായ ഭക്ഷണം കഴിച്ചുശീലിച്ച പാലയ്ക്കൽ മല്പാനച്ചന് ഭക്ഷണംതന്നെ ഒരു പ്രശ്നമായിരുന്നില്ല. തൻെറ അരുമശിഷ്യർ പ്രഭാതഭക്ഷണം കഴിക്കുമ്പോഴും ക്ലാസ്സെടുക്കേണ്ട പ്രൊഫസർ പട്ടിണിയായിട്ട് ദൂരെയിരിക്കുന്നത് എത്രയോനാളും ചാവറയച്ചൻ കണ്ടിരിക്കുന്നു. ഇതുതന്നെയല്ലേ വിശുദ്ധർക്കടുത്ത നോമ്പും ഉപവാസവും.

## നാഥനെ വാഴ്ത്തുവിൻ

ഇന്നത്തെ രീതിയിലുള്ള എക്സ്പ്രസ് കാനോന നമസ്കാരമല്ലായിരുന്നു പാലയ്ക്കലച്ചൻെറ കാലത്ത്. പല പുസ്തകങ്ങളിൽനിന്നും യാമപ്രാർത്ഥന കണ്ടെത്തി ചൊല്ലുക അതും വളരെ ദീർഘമായത്. ഇതിനു പ്രത്യേക നിഷ്ഠതന്നെ ആവശ്യമായിരുന്നു. പലരും നീണ്ട കാനോന പ്രാർത്ഥന ഉപേക്ഷിച്ചു കളഞ്ഞിരുന്ന ആ കാലത്ത് ദൈവത്തിൻെറ മനുഷ്യനായ പാലയ്ക്കലച്ചൻ ഇതു മുഴുവൻ ഭക്തിയോടുകൂടി അതാതു സമയത്തു എത്തിക്കുവാൻ സമയം കണ്ടെത്തിയിരുന്നു. തൻെറ അരുമശിഷ്യരോടു കൂടിയായിരുന്നു ഈ പ്രാർത്ഥന എത്തിക്കുക. എപ്രകാരമാണു ഭക്തിയോടുകൂടി തിരുസ്സഭയുടെ ഈ ഔദ്യോഗിക പ്രാർത്ഥന ചൊല്ലേണ്ടതെന്ന് ഗുരുമുഖത്തുനിന്നുതന്നെ അവർ കണ്ടും കേട്ടും മനസ്സിലാക്കിയിരുന്നു. 'റംശായും ലെലിയായും ശമ്മാശ്ശന്മാരോടുകൂടെ അത്രെ ഈ ദെ എത്തിക്ക' (നാളാഗമം P. 66).

ഇങ്ങനെ സ്വര്‍ണ്ണത്തിനു സുഗന്ധം കൂടിച്ചേർന്നാലെന്നതുപോലെ വിജ്ഞാനത്തിൻെറ ഭണ്ഡാഗാരമായ മല്പാനച്ചന് വിശുദ്ധികൂടി ചേർന്ന് ജീവിക്കുന്ന ദൈവത്തിൻെറ മനുഷ്യനായി വിശുദ്ധനായി ജീവിച്ച മാതൃക നല്കിയവനായിരുന്നു പാലയ്ക്കൽ. തന്നോടടുക്കുന്നവരെ, ദൈവത്തിലേയ്ക്കടുപ്പിക്കുന്ന ഈ മഹാത്മാവ് ഓട്ടം പൂർത്തിയാക്കാനുള്ള ദിവസം – കിരീടം നേടുവാനുള്ള ദിവസം-ആഗ്രഹത്തോടെ പാർത്തിരിക്കയായിരുന്നു.

# പാലയ്ക്കലച്ചൻ
# മെത്രാനച്ചൻെറ സെക്രട്ടറി

വരാപ്പുഴ മെത്രാനായിരുന്ന റൈമുണ്ടുസ് തിരുമേനി തൻെറ സെക്രട്ടറിയാക്കുന്നതിന് യോഗ്യനായ ഒരു വൈദികനെ അന്വേഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. അന്വേഷണത്തിൽ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



പാലയ്ക്കൽ തോമസച്ചനെക്കാറം ഈ സ്ഥാനത്തിനു പററിയ വ്യക്തി വേറെയില്ലെന്ന ബോദ്ധ്യമായി. അബ്രാഹം മല്പാനെ അറിയിച്ച് പാലയ്ക്കലച്ചനെ വരുത്തി കാര്യം അറിയിച്ചു. സഭയുടെ കേന്ദ്രഭരണത്തിൽ സഹകരിച്ചുകൊണ്ട് തൻെറ സഭയ്ക്കും സമുദായത്തിനും പലതും ചെയ്യുവാൻ സാധിക്കുന്ന അസുലഭമായ ഈ സ്ഥാനം സ്വീകരിക്കുവാൻ അദ്ദേഹം തീരുമാനിച്ചു. പള്ളിപ്പുറത്തുവന്നു വീട്ടുകാരോടും മല്പാനോടും സെമ്മിനാരിക്കാരോടും യാത്ര പറഞ്ഞു. അവരെല്ലാവരും ഈ നിയമനത്തിൽ സന്തോഷിക്കുകയും കൊച്ചച്ചനെ അനുമോദിക്കുകയും ചെയ്തു. പ്രത്യേകിച്ചും അബ്രാഹം മല്പാൻ കൊച്ചച്ചനു് എല്ലാ നല്ല ഭാവിയും ഭാവുകങ്ങളും നേൎന്നു. അദ്ദേഹത്തിൻെറ ആനന്ദത്തിനു് അതിരില്ലായിരുന്നു. തൻെറ അരുമശിഷ്യൻ പട്ടമേററു് ഉടനെ തന്നെ ഇത്രയും ഉന്നതമായ സ്ഥാനത്തേയ്ക്കു് ഉയർത്തപ്പെട്ടതിൽ ദൈവത്തിനു നന്ദി പറയുകയും നല്ല സമ്മാനങ്ങറം നല്കി യാത്രയാക്കുകയും ചെയ്തു ഈ നിയമനത്തിൻെറ പിന്നിൽ അബ്രാഹം മല്പാനച്ചൻെറ കൈയുണ്ടായിരുന്നെന്നു് പാലയ്ക്കലച്ചനു് അറിയാമായിരുന്നു.

ജോലിയേററു് അധികനാറം കഴിയുന്നതിനു മുമ്പുതന്നെ ചില അത്യാവശ്യമായ സമുദായ പരിഷ്കാരങ്ങറം സുറിയാനി സഭയിലും സമൂഹാചാരത്തിലും നടപ്പാക്കണമെന്നുതന്നെ പാലയ്ക്കലച്ചൻ തീരുമാനിച്ചു. മെത്രാനച്ചൻെറ 'ഓക്കെ' വാങ്ങുവാൻ സെക്രട്ടറിയച്ചനു് ഒരു ബുദ്ധിമുട്ടുമുണ്ടായിരുന്നില്ല.

—oo:✕:oo—

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# പാലയ്ക്കൽ മല്പാൻ സമുദായാചാര്യൻ

## ക്രൈസ്തവ വിവർത്തന പ്രസ്ഥാനത്തിൻെറ ജനയിതാവ്

19-ാം നൂററാണ്ടു് കണ്ട സുറിയാനി സമൂഹത്തിൻെറ ഏററം വലിയ നേതാവായിരുന്നു പാലയ്ക്കൽ തോമ്മാമല്പാനച്ചൻ. അൽമായ നേതാക്കന്മാർ കുറവായിരുന്ന അക്കാലത്തു് വിജ്ഞാനികളും വിവേകികളുമായ വൈദിക നേതാക്കന്മാരെങ്കിലും ഉണ്ടാകണമെന്നു് പാലയ്ക്കലച്ചൻ നേരത്തേ മനസ്സിലാക്കിയിരുന്നു. തൻെറ വൈദിക വിദ്യാഭ്യാസകാലത്തു് അറിവ് സമ്പാദിക്കുന്നതിനു് അദ്ദേഹം കഠിനാദ്ധ്വാനം ചെയ്തു വൈദിക വിദ്യാഭ്യാസത്തിനു പററിയ പുസ്തകങ്ങൾ തേടിപ്പിടിക്കുന്നതിനു് അന്നു് തുടങ്ങിയ പരിശ്രമം തൻെറ അവസാനത്തെ ശ്വാസം വരെ തുടന്നിരുന്നു. കയ്യിൽ ഒരു പുസ്തകമില്ലാതെ അദ്ദേഹത്തെ ആരും കണ്ടിരുന്നില്ല. തമിഴിൽ നിന്നും മലയാളത്തിലേയ്ക്കു നിരവധി പുസ്തകങ്ങൾ അദ്ദേഹം വിവത്തനം ചെയ്തു. വിവത്തനം ചെയ്യാൻ കൂലികൊടുത്തുപോലും വിദഗ്ദ്ധരെ നിയമിച്ചു. തമിഴ് ഭാഷയിലുള്ള അഗാധമായ അറിവും ജ്ഞാനവും ഹേതുവായി അദ്ദേഹത്തെ പാണ്ടിമല്പാനെന്നു വിളിച്ചു് അന്നത്തെ മററു മല്പാന്മാർ കളിയാക്കുമായിരുന്നു.

## നീതിക്കുവേണ്ടി മുഖം നോക്കാത്തവൻ

അക്കാലങ്ങളിൽ ലത്തീൻ റീത്തിലെ ന്യൂനപക്ഷക്കാരും അധ:കൃതരും അവശരുമായ അഞ്ഞൂററിക്കാർ എന്ന സമുദായത്തിൽ വൈദികർ ആരും തന്നെ ഇല്ലായിരുന്നു. 'മർസ്സീനോസ് സ്റ്റബലീനി' എന്ന മെത്രാനു് ഇതു് ശ്ലീഹായ്ക്കടുത്ത നടപടിയല്ല എന്നു തോന്നി. പക്ഷേ എഴുനൂററിക്കാർ എന്ന ഭൂരിപക്ഷ പ്രബല സമുദായത്തിനു് ഇതൊരിക്കലും ഇഷ്ടമായില്ല. സ്റ്റബിലീനി മെത്രാൻ തൻെറ ആലോചനക്കാരനായ പാലയ്ക്കൽ മല്പാനോട് ആലോചന ചോദിച്ചു. ലത്തീൻ റീത്തിലെ അഞ്ഞൂററിക്കാരിൽ നിന്നും വൈദികർ വേണമെന്നും യോഗ്യരായവർക്കു പട്ടം കൊടുക്കണമെന്നും സമുദായത്തിൻെറ ഉച്ച നീച

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



ത്വത്തിൻെറ പേരിൽ അയോഗ്യത കല്പിക്കരുതെന്നും ശക്തിയായി പാലയ്ക്കൽ മല്പാൻ വാദിച്ചു. മെത്രാനച്ചൻ അഞ്ഞൂററിക്കാർക്ക പട്ടം കൊടുത്തു മല്പാനച്ചനാണ് ഇതിൻെറ പിന്നിലെന്നു മനസ്സിലാക്കിയ എഴുന്നൂററിക്കാർ അവരുടെ പള്ളികളിൽ കയറുന്നതിൽ നിന്നും പ്രസംഗിക്കുന്നതിൽ നിന്നും മെത്രാനച്ചൻെറ ആലോചനക്കാരനെ വിലക്കി. വലിയ വിപ്ലവത്തിൻെറ വെടിമരുന്നിനു തന്നെ അവർ തീ കൊളുത്തി. സ്ഥബിലീനി മെത്രാനു പോലും വരാപ്പുഴയിൽ നിർഭയനായി ജീവിക്കാൻ പററാത്ത സാഹചര്യം ഉണ്ടാക്കി. വരാപ്പുഴ നിന്നും മാററിതാമസിക്കുന്നതാണ് ഭംഗിയെന്നു പലരും തിരുമേനിയെ ധരിപ്പിച്ചു. അഞ്ഞൂററിക്കാരുടെ പ്രധാന പള്ളിയായ അർത്തുങ്കൽ പോയി താമസിക്കുന്നതിനു് മെത്രാനച്ചനെ പലരും നിർബന്ധിച്ചു. അങ്ങനെയാണു വരാപ്പുഴ മെത്രാൻ സ്ഥബിലീനി അർത്തുങ്കൽ കുറെനാൾ താമസിക്കുവാൻ ഇടയായതു്. ഇവിടെ വെച്ചാണ് ചാവറ വാഴ്ത്തപ്പെട്ട കുര്യാക്കോസച്ചൻ പട്ടം സ്വീകരിക്കുന്നതും സ്ഥബിലീനി മെത്രാൻ കർമ്മലീത്താ സഭ സ്ഥാപിക്കാൻ അനുവാദം കൊടുക്കുന്നതും.

## വൈദിക വസ്ത്രം

അന്നുവരെ സുറിയാനി വൈദികർ ഒററളോവ ധരിച്ചിരുന്നില്ല. ഇന്നു യാക്കോബായ അച്ചന്മാർ ധരിക്കുന്ന വസ്ത്രത്തോട് ഏതാണ്ട് സാമ്യമുള്ള ഒരു എങ്കക്ക് എന്ന വസ്ത്രമാണ് ധരിച്ചിരുന്നതു്. ഇങ്ങനെയുള്ള വേഷവിധാനം മാററി പാദം വരെയുള്ള ഒററളോവ സുറിയാനി വൈദികർക്കും ഉണ്ടായിരിക്കണമെന്ന് പാലയ്ക്കലച്ചനു് തോന്നി. വരാപ്പുഴ ഉണ്ടായിരുന്ന മാത്തുമല്പാൻ മുതലായ ചില പ്രമുഖ സുറിയാനിക്കാരോട് അദ്ദേഹം ആലോചന ചോദിച്ചു. ലത്തീൻകാർക്കു് കറുത്തനിറത്തിലുള്ള ളോവയായിരുന്നു. സുറിയാനിക്കാർക്കു് ഇതു വെള്ളയായിരിക്കണമെന്നു നിശ്ചയിക്കുകയും മെത്രാനച്ചനെക്കൊണ്ടു കല്പന പുറപ്പെടുവിക്കുകയും ചെയ്തു തിരുകർമ്മങ്ങൾക്കും ഔദ്യോഗികകാര്യങ്ങൾക്കും ളോവ ധരിക്കണമെന്നു നിർബന്ധമായിരുന്നു.

## കെട്ടിയടച്ച സിമിത്തേരി

അടുത്തതായി അദ്ദേഹത്തിൻെറ ശ്രദ്ധ തിരിഞ്ഞതു് വളരെ പ്രാകൃതമായി തോന്നുന്ന ഒരു കാര്യത്തിലേയ്ക്കാണ്. അതുവരെയും നമ്മുടെ ആളുകളെ അടക്കിയിരുന്നതു് പള്ളിമുററത്തും

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



അതിനു ചുററിലുമായിരുന്നു. ഇതിനു പ്രത്യേക സ്ഥലമോ കല്ലറകളോ ഒന്നുമില്ലായിരുന്നു. മൃഗങ്ങളുടെ ഉപദ്രവത്തിനും മററു് അനാചാര നടപടികൾക്കും പൂജ്യതക്കുറവിനും അനാരോഗ്യത്തിനും ഇതു കാരണമാകുമായിരുന്നു ഇതു നിർത്തലാക്കുകയും ശവസംസ്കാരത്തിനു പ്രത്യേകം ഒരു സ്ഥലം വേണമെന്നും ഇതു മതിൽകെട്ടി അടവായി സൂക്ഷിക്കണമെന്നും അടക്കുന്നവരുടെ ഒരു ലിസ്ററു തീയതി വച്ചു് എഴുതുന്ന ഒരു രജിസ്റ്റർ പള്ളിയിൽ സൂക്ഷിക്കണമെന്നും നിർബന്ധമായി.

## കുമ്പസാരക്കൂടു്

അന്നുവരെ കുമ്പസാരത്തിനു കുമ്പസാരക്കൂടു് ഇല്ലായിരുന്നു ഇതു സ്ത്രീകൾക്കു് വലിയ ബുദ്ധിമുട്ടു് ഉണ്ടാക്കുമായിരുന്നു. കുമ്പസാരത്തിന്റെ പൂജ്യതയ്ക്കും അതിന്റെ രഹസ്യ സ്വഭാവത്തിനും വളരെ ഉപകരിക്കുന്ന കുമ്പസാരക്കൂടു് എല്ലാ പള്ളികളിലുമുണ്ടാകണമെന്നും സ്ത്രീകളെയെങ്കിലും കുമ്പസാരക്കൂട്ടിലല്ലാതെ കുമ്പസാരിപ്പിക്കരുതെന്നും നിഷ്കർഷയായി.

## ദർശനസമൂഹം

മാതാവിന്റെ ദർശന സമൂഹം എല്ലാ പള്ളികളിലും സ്ഥാപിക്കണമെന്നും ഇതിൽ പാടുള്ളവരെല്ലാം ചേരണമെന്നും നിഷ്കർഷിച്ചു. ഇതിന്റെ നിയമാവലിയും പ്രവർത്തന ശൈലിയും അദ്ദേഹം തന്നെ എഴുതിയുണ്ടാക്കി പള്ളികളിലേയ്ക്കു് അയച്ചുകൊടുത്തു. എല്ലാ പള്ളികളിലും ദർശനത്തിരുനാൾ തന്നെ കൊണ്ടാടണമെന്നും നിർബന്ധമാക്കി.

ഇപ്രകാരം വിപ്ലവകർമെന്നുതന്നെപറയട്ടെ. പല പുരോഗമന പരിഷ്കാരങ്ങളും ഇദ്ദേഹം സെക്രട്ടറിയായിരുന്ന കാലത്തു് റൈമൂണ്ടുസ് മെത്രാനെക്കൊണ്ടു ചെയ്യിച്ചു. ഈ പരിഷ്കാരങ്ങളുടെ ഫലം കൊല്ലങ്ങളായി അനുഭവിക്കുന്ന നമുക്കു് ഇതില്ലാതിരുന്നപ്പോഴത്തെ പ്രയാസങ്ങളെക്കുറിച്ചു് ഊഹിക്കുവാൻ പോലും സാദ്ധ്യമല്ല. സിമിത്തേരിയുടെ കാര്യമൊക്കെ എത്രയോ പരിഷ്കൃതമായ പരിഷ്കാരങ്ങളായിരുന്നു. പള്ളിമുററം മനോഹരമായി സൂക്ഷിക്കുന്നതിനും സംസ്കാരസ്ഥലങ്ങൾ പൂജ്യമായി കെട്ടുറപ്പായി സൂക്ഷിക്കുന്നതിനും ഇതു മൂലം സാധിച്ചു.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA




# പുണ്യചരിതനായ
# പാലയ്ക്കൽ
# തോമാ മല്പാൻ

ഗ്രന്ഥകർത്താവ്

**വാഴ്ത്തപ്പെട്ട ചാവറയച്ചൻ**

ഫാ. തോമസ് പാലയ്ക്കൽ, ഫാ തോമസ് പോരൂക്കര എന്നീ മഹാത്മാക്കളുടെ ജീവചരിത്രം ചാവറയച്ചൻ രചിച്ചിട്ടുണ്ട്. വിദ്യാഭ്യാസ പ്രവർത്തനം അദ്ദേഹത്തിൻെറ ഏററവും പ്രിയപ്പെട്ട ഒന്നായിരുന്നു. അധഃകൃതരെ ഉദ്ധരിക്കുന്നതിനു് ഒന്നാന്തരമൊരു മാർഗ്ഗമായിരുന്നു ചാവറയച്ചനെ സംബന്ധിച്ചിടത്തോളം വിദ്യാദാന പ്രവർത്തനം. പാലയ്ക്കലച്ചനിൽനിന്നും പോരൂക്കരയച്ചനിൽനിന്നും ഉത്തേജനം സ്വീകരിച്ചുകൊണ്ടു് എല്ലാ ഇടവക ദേവാലയങ്ങളോടും അനുബന്ധിച്ച് സ്കൂളുകൾ സ്ഥാപിക്കപ്പെടണമെന്നു് അദ്ദേഹം നിഷ്കർഷിച്ചു. വിദ്യാദാനത്തിനുവേണ്ടി അപേക്ഷിക്കുന്ന ഏതു മതക്കാരനും, ഹരിജനങ്ങളുൾപ്പെടെ, ചാവറയച്ചൻ സമാരംഭിച്ച സ്കൂളുകളിൽ പ്രവേശനം ലഭിച്ചിരുന്നു. അന്നത്തെ സാഹചര്യത്തിൽ അതു് വിപ്ലവകരമായ ഒരു നീക്കം തന്നെയായിരുന്നു.

രാഷ്ട്രപതി **ആർ. വെങ്കട്ടരാമൻ**

(ചാവറ സ്മാരക സ്റ്റാമ്പ് പ്രകാശന വേളയിൽ ചെയ്ത
പ്രസംഗത്തിൽ നിന്നു്)

വിതരണം

**ജനതാ ബുക്ക് സ്ററാൾ**

തേവര, കൊച്ചി–13

എറണാകുളം, ആലുവ, അങ്കമാലി, തേവര, കോതമംഗലം,
മൂവാററുപുഴ, N. പറവൂർ, കാലടി, വൈക്കം, ചേർത്തല.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS